മധ്യയുഗങ്ങളിലെയും നവോത്ഥാനദശയിലെയും നിയോക്ലാസ്സിക് കാലഘട്ടത്തിലെയും പാശ്ചാത്യസാഹിത്യത്തിന്റെ സാമാന്യസ്വരൂപം ഗ്രഹിച്ചതിനുശേഷം കാല്പനികകാവ്യസിദ്ധാന്തത്തിന് പ്രാധാന്യം നൽകി പഠിക്കണം. കാവ്യഭാഷ, കാവ്യവിഷയം, കാവ്യസ്വരൂപം ഇവയെപ്പറ്റി വേഡ്സ്വർത്ത് അവതരിപ്പിച്ച സിദ്ധാന്തത്തിനും അംഗാംഗിപ്പൊരുത്തം, ഭാവന, കല്പന എന്നിവയെപ്പറ്റി കോൾറിഡ്ജ് അവതരിപ്പിച്ച സിദ്ധാന്തത്തിനും വിശേഷിച്ച് പ്രാധാന്യം നൽകണം.

### യൂണിറ്റ് ഒന്ന്: പ്രസ്ഥാനലക്ഷണങ്ങൾ

കാല്പനികത എന്ന മനോഭാവം, കാല്പനികതകൾ (Romanticisms). ക്ലാസിസവും റൊമാന്റിസിസവും, റൊമാന്റിക് ഘടകങ്ങൾ, പ്രവണതകൾ, റൊമാന്റിസിസം ഒരു പ്രസ്ഥാനമെന്ന നിലയിൽ

### യൂണിറ്റ് രണ്ട്: കാല്പനിക വിഷയങ്ങൾ

കാല്പനികസ്പർശം, പ്രേമം - പ്രകൃതി, കാല്പനികതയും സമൂഹവും, കാല്പനികനരകം, ഇവയെപ്പറ്റി വശദപഠനം.

### യൂണിറ്റ് മൂന്ന് : വേർഡ്സ്വർത്ത്, കോൾറിഡ്ജ്

കാല്പനികവിപ്ലവത്തിന്റെ പശ്ചാത്തലം, വേഡ്സ്വർത്തിന്റെ കാവ്യശേലി, ഗ്രാമീണഭാഷയും കാവ്യഭാഷയും വേഡ്സ്വർത്തിന്റെ ദർശനം, കോൾറിഡ്ജും അരിസ്റ്റോട്ടിലിന്റെ സംശ്ലേഷതത്വവും കല്പന (Fancy) യും ഭാവന (Imagination) യും കാവ്യപ്രതിഭയുടെ ലക്ഷണങ്ങൾ കാവ്യഭാഷയും ഗദ്യഭാഷയും. വേർഡ്സ് വർത്തിന്റെ വാദത്തിന് കോൾറിഡ്ജിന്റെ മറുപടി.

### യൂണിറ്റ് നാല് : മലയാളത്തിലെ കാല്പനിക പ്രസ്ഥാനം

മലയാളത്തിൽ കാല്പലികതയുടെ പ്രാരംഭദശ - വെണ്മണി പ്രസ്ഥാനം, പച്ചമലയാളപ്രസ്ഥാനം, നിയോക്ലാസ്സിസത്തിൽ നിന്നു കാല്പനികതയിലേക്ക്, കാല്പനികതയുടെ സമൂഹിക പ്രതിഫലനം, നവോത്ഥാനപ്രസ്ഥാനങ്ങൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ

### വിശദപഠനത്തിന്

1. മലയവിലാസം - ഏ.ആർ.രാജരാജവർമ്മ

ആശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നിവരുടെ കവിതകളിൽ കാല്പനികതയുടെ വളർച്ച.

### വിശദപഠനത്തിന്

2. നളിനി - കുമാരനാശാൻ
3. കിളിക്കൊഞ്ചൽ - വള്ളത്തോൾ
4. അന്നും ഇന്നും - ഉള്ളൂർ

കാല്പനികതയുടെ പുഷ്കലദശ ചങ്ങമ്പുഴ, ഇടപ്പള്ളി, കുഞ്ഞിരാമൻനായർ തുടങ്ങിയ കവികൾ

വിശദപഠനത്തിന്

5. മണിനാദം - ഇടപ്പള്ളി രാഘവൻപിള്ള
6. ആ പൂമാല - ചങ്ങമ്പുഴ

### യൂണിറ്റ് അഞ്ച്: നവീനകവിതയിൽ കാല്പനികതയോടുള്ള സമീപനം

വിശദപഠനത്തിന്

1. സൂര്യകാന്തി - ജി.ശങ്കരപ്പിള്ള
2. അമൃതകല - പാലാ നാരായണൻ നായർ
3. അടർക്കളത്തിൽ - എം.പി.അപ്പൻ
4. രാത്രിമഴ - സുഗതകുമാരി
5. ഓർക്കുക വല്ലപ്പോഴും - പി. ഭാസ്കരൻ

**സഹായഗ്രന്ഥങ്ങൾ**

1. Preface Lyrical Balladas - William Wordsworth
* 2. Biographia Literaria Chaps IV, XIII, XIV -S.T.Coleridge
* 3. A.Defence of Poetry - P.B.Shelly
4. English Literary Criticism - The Medieval phase - JWH Atkins
5. English Literary Criticism - The Renisassance
6. English Literary Criticism - 17th & 18th Centuris
7. Princeton Encyclopaedia of Poetry & Poetics - Ed.Alex Preminger
(Medieval Poetics, Renaissance Poetrics, Neo-classical Poetics)
* 8. The Mirror and the Lamp - M.H.Abrams
9. The Romatic Imagination - C.M.Bowra
11. Speculation - T.E. Hulme
12. Literary Criticism, A Short History - Wimsatt & Brooks
13. Imagination - Mary Warnock
14. The Decline and Fall of the Romantic Ideal - F.L.Lucas
*15. Romanticism (The Critical Idiom Series) - Lilian R Furst
16. The Romantic Agony - Mario Praz
17. On the Discrimination of Romanticisms - Arthur O.Lovejoy
(See Abram's 'English Romantic Poets')
*18. കാല്പനികത - ബി. ഹൃദയകുമാരി, DCB

## സെമസ്റ്റർ 2

## പേപ്പർ VI ഐച്ഛികവിഷയം B. ചരിത്രാഖ്യായിക

## (Paper VI Optional Subject B. Historical Novel)

മലയാളത്തിലെ ചരിത്രാഖ്യായികയുടെ ഉത്ഭവവികാസപരിണാമങ്ങളും സ്വഭാവങ്ങളും മനസ്സിലാക്കുക എന്നതാണീ പാഠ്യപദ്ധതികൊണ്ടുദ്ദേശിക്കുന്നത്. മലയാളത്തിലെ ചരിത്രാഖ്യായികകൾ, അവയുടെ ചരിത്രപശ്ചാത്തലം, കഥാപാത്രങ്ങളുടെ സംഭാഷണം, ആഖ്യാനശൈലി തുടങ്ങിയ കാര്യങ്ങളുടെ നിരീക്ഷണവും അപഗ്രഥനവും ഈ പാഠ്യപദ്ധതിയുടെ ഭാഗമാണ്.

**യൂണിറ്റ് ഒന്ന് :**

എന്താണ് ചരിത്രം/ചരിത്രാഖ്യായിക - കാലഘട്ടം, സംഭവം, സമൂഹം - ആഖ്യായികാകാരന്മാർ ചരിത്രത്തെ എങ്ങനെ ഉപയോഗിക്കുന്നു - ചരിത്രാഖ്യായികകളുടെ കലാപരമായ ലക്ഷ്യം - ഭൂതകാലത്തിന്റെ സൗന്ദര്യാത്മകമായ ആവിഷ്കാരം.

ചരിത്രനോവലുകളുടെ ഉത്ഭവവികാസങ്ങൾ പാശ്ചാത്യസാഹിത്യത്തിൽ - മലയാളത്തിൽ - ഇതരഭാരതീയഭാഷകളിൽ - കേരളവർമ്മയുടെ 'അക്ബർ' പരിഭാഷ (സാമാന്യപരിചയം മതി).

**യൂണിറ്റ് രണ്ട് :**

തിരുവിതാംകൂറിന്റെ രാഷ്ട്രീയം - തിരുവിതാംകൂർ സി.വി. രാമൻപിള്ളയുടെ ആഖ്യായികകളിൽ - സി.വി. ആഖ്യായികകളിലെ സാമൂഹികരാഷ്ട്രീയപ്രശ്നങ്ങൾ - സി.വി.യുടെ ഭാഷ/ആഖ്യാനശൈലി - ഐതിഹ്യങ്ങളോടുള്ള സി.വി.യുടെ സമീപനം - മൂല്യബോധം.

വിശദപഠനത്തിന്: മാർത്താണ്ഡവർമ്മ, ധർമ്മരാജാ.

**യൂണിറ്റ് മൂന്ന് :**

സർദാർ കെ.എം. പണിക്കരുടെ ആഖ്യായികകൾ - പണിക്കരുടെ ചരിത്രവീക്ഷണം - മതം, ദേശം, സമൂഹം

പണിക്കരുടെ ഗദ്യ/ആഖ്യാനശൈലി

രാമവർമ്മ അപ്പൻതമ്പുരാന്റെ ചരിത്രാഖ്യായിക - ഗദ്യരചനാചാതുരി.

വിശദപഠനത്തിന്:

1. കേരളസിംഹം - കെ.എം. പണിക്കർ
2. ഭൂതരായർ - രാമവർമ്മ അപ്പൻതമ്പുരാൻ

**യൂണിറ്റ് നാല് :**

കൊച്ചിരാജ്യവും ഉത്തരകേരളവും ചരിത്രാഖ്യായികകളിൽ - ആഖ്യായികകളുടെ ചരിത്രപശ്ചാത്തലം - ആഖ്യായികകളിലെ ആഖ്യാനശൈലി.

വിശദപഠനത്തിന്

1. റാണിഗംഗാധരലക്ഷ്മി - ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്
2. കുഞ്ഞാലിമരക്കാർ - കെ. പത്മനാഭൻ നായർ

യൂണിറ്റ് അഞ്ച് :

പില്ക്കാലചരിത്രാഖ്യായികകൾ - ആഖ്യായികാകാരന്മാരുടെ ചരിത്രദർശനത്തിലുള്ള മാറ്റം ആഖ്യാനശൈലിയിലുള്ള പരിണാമം.

വിശദപഠനത്തിന്:

1. പഞ്ചവൻകാട് - വൈക്കം ചന്ദ്രശേഖരൻ നായർ

2. ചുവന്ന കടൽ - തിക്കോടിയൻ

സഹായകഗ്രന്ഥങ്ങൾ

1. സി.വി. രാമൻപിള്ള (ജീവചരിത്രം) - പി.കെ. പരമേശ്വരൻ നായർ
2. ദൈവനീതിക്കു ദാക്ഷിണ്യമില്ല - ഡോ. കെ. ഭാസ്കരൻ നായർ
3. പ്രതിപാത്രം ഭാഷണഭേദം - എൻ. കൃഷ്ണപിള്ള
4. ചരിത്രനോവൽ മലയാളത്തിൽ - ഡോ. കല്പറ്റ ബാലകൃഷ്ണൻ
5. തിരുവിതാംകൂർ ചരിത്രം - പാച്ചു മൂത്തത്
6. കേരളചരിത്രം - എ. ശ്രീധരമേനോൻ
7. വീരരസം സി.വി. കൃതികളിൽ - എൻ.പി. മുഹമ്മദ്
8. ശൃംഗാരം സി.വി. കൃതികളിൽ - എം. ലീലാവതി
9. സാക്ഷാൽ സി.വി. - ബാലകൃഷ്ണൻ നായർ
10. The historical romance - Archibald Allison
11. The Victorian historical novels - Andrew Sanders
12. The historical novel - H. Butterfield
13. എഴുത്താണിയും മുഴക്കോലും - ഡോ. എ.എൻ. കൃഷ്ണൻ

സെമസ്റ്റർ 2

## പേപ്പർ 6 ഐച്ഛികവിഷയം (സി) ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനം മലയാളസാഹിത്യത്തിൽ

## (Paper VI Optional Subject (C) Influence of Nationalism on Malayalam Literature)

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനുള്ള കാരണങ്ങൾ - കേരളത്തിൽ അതിന്റെ പ്രവർത്തനങ്ങൾ, സാംസ്കാരികനവോത്ഥാനപ്രവർത്തനങ്ങൾ, എഴുത്തുകാരുടെ കാഴ്ചപ്പാടുകളിൽ സംഭവിച്ച മാറ്റം, മലയാളസാഹിത്യത്തിനുണ്ടായ നേട്ടം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ പേപ്പർകൊണ്ടുദ്ദേശിക്കുന്നത്. ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനംകൊണ്ടു മലയാളസാഹിത്യത്തിനുണ്ടായ നേട്ടവും അതിന്റെ സ്വഭാവവും പഠിതാക്കൾ തിരിച്ചറിഞ്ഞിരിക്കണം. പാഠ്യഭാഗങ്ങൾ പഠിച്ചുകഴിയുമ്പോൾ ദേശീയപ്രസ്ഥാനത്തിന്റെ കാരണം ദേശീയതയാണെന്നും അത് ദേശബദ്ധമായ മാനവികതയാണെന്നും വിദ്യാർത്ഥികൾക്ക് ബോധ്യപ്പെട്ടിരിക്കണം.

യൂണിറ്റ് 1

ബ്രിട്ടീഷ് ആധിപത്യം ഇന്ത്യയിൽ - സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പുതുബോധം - ഇന്ത്യൻ നാഷണൽ കോൺഗ്രസ് - ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി - സ്വാതന്ത്ര്യസമരങ്ങൾ - ദേശീയസ്വാതന്ത്ര്യസമരങ്ങളുടെ പശ്ചാത്തലത്തിൽ വളർന്നുവന്ന ഇന്ത്യയിലെ പ്രാദേശികസാഹിത്യരൂപങ്ങൾ - അവയുടെ സാമാന്യപരിചയം.

യൂണിറ്റ് 2

ദേശീയപ്രസ്ഥാനത്തിന്റെ പ്രാഥമികഘട്ടങ്ങൾ - കോൺഗ്രസ് കേരളത്തിൽ - ജനകീയസമരങ്ങൾ - കമ്യൂണിസ്റ്റുകാരും സ്വാതന്ത്ര്യസമരങ്ങളും - ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം - സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ.

യൂണിറ്റ് 3

സാംസ്കാരികനവോത്ഥാനപ്രവർത്തനങ്ങൾ കേരളത്തിൽ - ഐക്യകേരളപ്രസ്ഥാനം - സമസ്തകേരളസാഹിത്യപരിഷത്ത് - പുരോഗമനസാഹിത്യപ്രസ്ഥാനം - പ്രമേയത്തിലും ആവിഷ്കാരത്തിലും മലയാളസാഹിത്യരൂപങ്ങളിൽ സംഭവിച്ച മാറ്റം.

യൂണിറ്റ് 4, 5

സ്വാതന്ത്ര്യബോധം/ദർശനം മലയാളസാഹിത്യത്തിൽ - ആശാൻ, ഉള്ളൂർ, വള്ളത്തോൾ, വി.ടി., പ്രേംജി തുടങ്ങിയവർ - കേരളത്തിന്റെ ഏകീകരണം - മലയാളസാഹിത്യത്തിൽ സംഭവിച്ച ചലനങ്ങൾ - സ്ത്രീഎഴുത്തുകാരുടെ മുന്നേറ്റം - സ്വാതന്ത്ര്യബോധം സ്ത്രീഎഴുത്തുകാരിൽ

വിശദപഠനത്തിനുള്ള കൃതികൾ

ഇവ മേൽപ്പറഞ്ഞ അഞ്ചുയൂനിറ്റിലുമായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരിക്കണം.

1. കവിത

1. എന്റെ ഗുരുനാഥൻ - വള്ളത്തോൾ
2. ജാതിക്കുമ്മി - കെ.പി. കറുപ്പൻ
3. വാഴക്കുല - ചങ്ങമ്പുഴ
4. മെക്കാളെയുടെ മക്കൾ - പി. കുഞ്ഞിരാമൻ നായർ
5. സ്വാതന്ത്ര്യദാഹക്കാരി - കെ. സരസ്വതിയമ്മ
6. മന്ത്രിക്കെട്ട് - പൊൻകുന്നം വർക്കി

2. നോവൽ

7. കേരളസിംഹം - സർദാർ കെ.എം. പണിക്കർ
8. സുന്ദരികളും സുന്ദരന്മാരും - ഉറൂബ്

3. നാടകം

9. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് - വി.ടി. ഭട്ടതിരിപ്പാട്

4. ആത്മകഥ/സ്മരണകൾ

10. കഴിഞ്ഞ കാലം - കെ.പി. കേശവമേനോൻ

സഹായകഗ്രന്ഥങ്ങൾ

1. വള്ളത്തോൾക്കവിത (കവിതാസമിതി, തിരുവനന്തപുരം)
2. ഗാന്ധിജിയും മലയാളസാഹിത്യവും - പി.കെ. പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ് (എൻ.ബി.എസ്)
3. സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും - എം.അച്ചുതൻ (കറന്റ് ബുക്സ്, തൃശൂർ)
4. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രം - ഇ.എം.എസ്.
5. ആശാൻ നവോത്ഥാനത്തിന്റെ കവി - തായാട്ട് ശങ്കരൻ
6. വള്ളത്തോൾ നവയുഗത്തിന്റെ കവി - തായാട്ട് ശങ്കരൻ
7. കോൺഗ്രസ്സും ദേശീയപ്രസ്ഥാനവും - എ.കെ. പിള്ള
8. ഉള്ളൂരിന്റെ അജ്ഞാതമുഖം, മലയാളസാഹിത്യപഠനങ്ങൾ - സുകുമാർ അഴീക്കോട്
9. വള്ളത്തോൾക്കവിതയിലെ ദേശീയതാസങ്കല്പം, വായനയുടെ വഴികൾ - എം.ആർ. രാഘവവാരിയർ
10. എൻ.വി. കവിതയിലെ ദേശീയപരിപ്രേക്ഷ്യം, വായനയുടെ വഴികൾ - എം.ആർ. രാഘവവാരിയർ
11. ജിയുടെ ദേശീയതാസങ്കല്പം - എം.ആർ. രാഘവവാരിയർ, സാഹിത്യപരിഷത്ത് ജി ജന്മശതാബ്ദിപ്പതിപ്പ്, 2001.

12. ഇടശ്ശേരിക്കവിതയും ആധുനികതയും - എം.ആർ. രാഘവവാരിയർ, വിവേകോദയം, ജൂലൈ, ആഗസ്റ്റ്

13. ഗാന്ധിജി മലയാളകവിതയിൽ - ഒരു സംഘം കവികൾ

14. മുഹമ്മദ് അബ്ദുറഹിമാൻ - ഒരു സംഘം ലേഖകർ

15. എന്റെ ജീവിതകഥ - മൊയ്യാരത്തു ശങ്കരൻ നമ്പ്യാർ

16. അബ്ദുറഹിമാൻ കവിതകൾ - പല കവികൾ

17. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ മനസ്സിലാക്കുക - എം.ആർ. രാഘവവാരിയർ, മാതൃഭൂമി റിപ്പബ്ലിക്ക് പതിപ്പ്, 2001.

18. Poetry and British Rule in India - Navar[illegible]ni

19. Poetry and National Awakening Ed. K.M. Varier. Distributors: Vallathol Vidyapeetham, Edapal

20. Nationalism and Social Change - The Role of Malayalam Literature - Dr. K.K.N. Kurup.

### സെമസ്റ്റർ 2

### പേപ്പർ VI ഐച്ഛികവിഷയം (ഡി) ചെറുകഥ

## Paper VI Optional Subject (D) Short Story

മലയാളചെറുകഥയുടെ ഉദ്ഭവവികാസപരിണാമങ്ങൾ - പ്രവണതകൾ - സ്വാധീനതകൾ രചനാപരമായ സങ്കേതങ്ങൾ, ടെക്നിക്കുകൾ - രൂപത്തിലും ഭാവത്തിലും ആവിഷ്ക്കാരത്തിലും സംഭവിച്ച മാറ്റങ്ങൾ - പരീക്ഷണങ്ങൾ - സമകാലചെറുകഥയുടെ സ്വഭാവം എന്നിവ പഠിക്കാനുപകരിക്കുന്ന പാഠ്യപദ്ധതി സംവിധാനം ചെയ്തിരിക്കുന്നു. ഭാരതത്തിലെ കഥാപാരമ്പര്യവും വൈദേശികഭാഷകളിൽ ചെറുകഥയ്ക്കു കൈവന്ന വികാസവും വിദ്യാർത്ഥികൾ പരിചയപ്പെട്ടിരിക്കണം. പ്രാതിനിധ്യസ്വഭാവമുള്ള കഥകൾ വിശേഷനിരീക്ഷണത്തിനായി കൊടുത്തിട്ടുണ്ട്. മലയാളചെറുകഥയുടെ വികാസത്തിൽ ആനുകാലികങ്ങൾ വഹിച്ച പങ്കും ഇതരഭാരതീയഭാഷകളിലെ ചെറുകഥാസാഹിത്യത്തിന്റെ വികാസവും മനസ്സിലാക്കിയിരിക്കണം.

പ്രമേയം (Theme), ഇതിവൃത്തം (Plot), കഥാപാത്രം (Characters), സംഘർഷം (conflict), വീക്ഷണകോണം (Point of view), പശ്ചാത്തലം (setting), സ്ഥലം (Place), കാലം (Time), ക്രിയ (Action), പ്രതീകാത്മകത (Symbolism), വിപരീതോക്തി (Irony), സ്വരവും ശൈലിയും (Tone and Style) ഘടന (Structure), ഭാഷ (Language), ആഖ്യാനം (Narration) തുടങ്ങിയ കഥയുടെ വിവിധസാങ്കേതികവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾ മനസ്സിലാക്കിയിരിക്കണം.

ഈ പാഠ്യപദ്ധതികൊണ്ട് രണ്ടുകാര്യങ്ങളാണ് ലക്ഷ്യമാക്കുന്നത്. ഒന്ന്, മലയാളചെറുകഥാസാഹിത്യത്തെക്കുറിച്ച് സമഗ്രമായ അറിവ് വിദ്യാർത്ഥികൾക്കുണ്ടാവുക. രണ്ട്, ആസ്വാദനം - അപഗ്രഥനം - വിലയിരുത്തൽ എന്നീ ഘട്ടങ്ങളിലൂടെ സ്വതന്ത്രമായ സർഗ്ഗാത്മകപ്രവർത്തനങ്ങളിലേക്ക് വിദ്യാർത്ഥികൾ നീങ്ങുക.

യൂനിറ്റ് 1

ചെറുകഥയുടെ പശ്ചാത്തലം - ചെറുകഥ എന്ന സാഹിത്യരൂപം - അടിവേരുകൾ - കെട്ടുകഥകൾ - പഞ്ചതന്ത്രം - ഈസോപ്പുകഥകൾ - ജാതകകഥകൾ - കഥാസരിത്സാഗരം - ദശകുമാരചരിതം - എക്സംപ്ല (Exempla) - ഫാബ്ലിയോസ് (Fabliause) - അറബിക്കഥകൾ - ഡെക്കാമറോൺകഥകൾ - ആഖ്യാനരീതികൾ - ഇംഗ്ലീഷ്, ഫ്രഞ്ച്, അമേരിക്കൻ, റഷ്യൻ, ജർമ്മൻ, ജാപ്പനീസ്, ലാറ്റിനമേരിക്കൻ ചെറുകഥകൾ.

യൂനിറ്റ് 2

മലയാളചെറുകഥയിലെ പാശ്ചാത്യസ്വാധീനം - മലയാളത്തിലെ ആദ്യകാലകഥകൾ - വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ - മൂർക്കോത്തു കുമാരൻ - കെ. സുകുമാരൻ - സി.എസ്. ഗോപാലപ്പണിക്കർ - അമ്പാടി നാരായണപ്പൊതുവാൾ - ഇ. വി. കൃഷ്ണപിള്ള തുടങ്ങിയവരുടെ കഥകൾ. താഴെ പറയുന്ന കഥകളുടെ വിശേഷപഠനം.

1. ദ്വാരക - വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
(കഥാപല്ലവങ്ങൾ - 1978)
2. കലികാലവൈഭവം - മൂർക്കോത്തു കുമാരൻ
(മൂർക്കോത്തു കുമാരന്റെ കഥകൾ - മാതൃഭൂമി 1987)
3. കുനിചികിത്സ - കെ. സുകുമാരൻ
4. അവളുടെ കഥയെഴുത്ത് - ഈ.വി. കൃഷ്ണപിള്ള
5. ഒരു യഥാർത്ഥ ഭാര്യ - തച്ചാട്ടെ ദേവകി നേത്യാരമ്മ

യൂനിറ്റ് 3

ഇന്ത്യൻ ദേശീയ നവോത്ഥാനവും മലയാളചെറുകഥയുടെ വളർച്ചയും - പുരോഗമന സാഹിത്യപ്രസ്ഥാനം - ജീവിതയാഥാർത്ഥ്യസ്പർശിയായ സോദ്ദേശ്യകഥകൾ - ജീവിതത്തിന്റെ വ്യാഖ്യാനാത്മകസാഹിത്യമായി മലയാളചെറുകഥ വളരുന്നു - തകഴി, കേശവദേവ് - പൊൻകുന്നം വർക്കി - കാരൂർ - വൈക്കം മുഹമ്മദ് ബഷീർ - ഉറൂബ് - എസ്.കെ. പൊറ്റക്കാട്ട് - ലളിതാംബിക അന്തർജ്ജനം - പുളിമാന - വി.ടി. ഭട്ടതിരിപ്പാട് - കെ. സരസ്വതിയമ്മ - തുടങ്ങിയവരുടെ കഥകൾ.

വിശേഷപഠനത്തിന്:

1. പട്ടാളക്കാരൻ - തകഴി
2. ശബ്ദിക്കുന്ന കലപ്പ - പൊൻകുന്നം വർക്കി
3. വെളുത്ത കുട്ടി - ഉറൂബ്
4. ചോലമരങ്ങൾ - കെ. സരസ്വതിഅമ്മ
5. ഒരു മനുഷ്യൻ - വൈക്കം മുഹമ്മദ് ബഷീർ

യൂനിറ്റ് 4

സൗന്ദര്യാത്മക/വൈകാരികകഥകൾ - വൈയക്തികജീവിതാനുഭവങ്ങൾ കഥകളിൽ - പട്ടാളക്കഥകൾ - കോവിലൻ - പാറപ്പുറത്ത് - നന്തനാർ - ടി.പത്മനാഭൻ - എം.ടി വാസുദേവൻ നായർ - മാധവിക്കുട്ടി - എൻ. പി. മുഹമ്മദ് - വി.കെ.എൻ. - പുളിമാന. കെ.എസ്. മണി തുടങ്ങിയവരുടെ കഥകൾ

വിശേഷപഠനത്തിന്:

1. ശേഖൂട്ടി - ടി. പത്മനാഭൻ
2. കല്പാന്തം - എം.ടി. വാസുദേവൻനായർ
3. കടൽമയൂരം - മാധവിക്കുട്ടി
4. ഒരിക്കൽ മനുഷ്യനായിരുന്നു - കോവിലൻ
5. ദേവാലയത്തിൽ - രാജലക്ഷ്മി

യൂനിറ്റ് 5

ആധുനികതയുടെ വളർച്ച - അനുഭവങ്ങളുടെയും നൂതനകല്പനകളുടെയും സംക്രമം ചെറുകഥയിൽ - വൈയക്തികതയുടെ അതിപ്രസരം - അതിദുർഗ്രഹത - അസ്തിത്വവിചാരം - സമകാലചെറുകഥകൾ - കാക്കനാടൻ, ഒ.വി. വിജയൻ, എം. മുകുന്ദൻ, സേതു, സക്കറിയ, എം. പി. നാരായണപിള്ള, സാറാജോസഫ്, എൻ.എസ്. മാധവൻ, പി. വത്സല, പത്മരാജൻ, കൊച്ചുബാവ തുടങ്ങിയവർ.

വിശേഷപഠനത്തിന്:

1. കടൽത്തീരത്ത് - ഒ.വി. വിജയൻ
2. അശ്ലീലം വരുത്തിവച്ച ഒരു ദുരന്താനുഭവം - സക്കറിയ
3. '56 സത്രഗലി' - എം.പി. നാരായണപിള്ള
4. മുടിത്തെയ്യം - സാറാ ജോസഫ്
5. വൃദ്ധമാതാവ് - കൊച്ചുബാവ

സഹായകഗ്രന്ഥങ്ങൾ


1. ചെറുകഥാപ്രസ്ഥാനം - എം.വി. പോൾ
2. ചെറുകഥ ഇന്നലെ ഇന്ന് - എം. അച്യുതൻ
3. മലയാളചെറുകഥാസാഹിത്യചരിത്രം - എം. എം. ബഷീർ
4. ഭാരതീയസാഹിത്യചരിത്രം - വാല്യം രണ്ട് (എഡി ) കെ.എം. ജോർജ്ജ്
5. പുരോഗമനസാഹിത്യപ്രസ്ഥാനം - നിഴലും വെളിച്ചവും - പി.കെ. ഗോപാലകൃഷ്ണൻ
6. കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം - എം.ആർ. ചന്ദ്രശേഖരൻ
7. പുരോഗമനസാഹിത്യവും മറ്റും - സുകുമാർ അഴീക്കോട്
8. സാങ്കേതികനിരൂപണങ്ങൾ - ഏ. ബാലകൃഷ്ണപിള്ള
9. കുറെക്കൂടി സാങ്കേതികനിരൂപണങ്ങൾ - ഏ. ബാലകൃഷ്ണപിള്ള
10. കാഥികന്റെ പണിപ്പുര - എം.ടി. വാസുദേവൻ നായർ
11. കാഥികന്റെ കല - എം.ടി. വാസുദേവൻ നായർ
12. ചിത്രകലയും ചെറുകഥയും - ടി.ആർ.
13. രാജലക്ഷ്മി എന്ന എഴുത്തുകാരി - പലർ
14. കാരൂർ കഥാപഠനം - (എഡി.) എം.എം. ബഷീർ
15. പൊൻകുന്നം വർക്കിയുടെ കഥകൾ - രമേശ് ചന്ദ്രൻ
16. തരിശുനിലത്തിന്റെ കഥകൾ - കളർകോട്ട് വാസുദേവൻനായർ
17. ആത്മാവിന്റെ മുറിവുകൾ - എം. തോമസ് മാത്യു
18. മരുഭൂമികൾ ഉണ്ടാവുന്നത് - എം.എൻ. വിജയൻ
19. കഥ - ആഖ്യാനവും അനുഭവസത്തയും - കെ.പി. അപ്പൻ
20. ചെറുകഥയുടെ ഛന്ദസ്സ് - വി. രാജകൃഷ്ണൻ
21. എം.ടി. - കഥയും പൊരുളും - (എഡി.) എം.എം. ബഷീർ
22. നവീനകഥ - (എഡി.) എം.എം. ബഷീർ
23. കഥയും പരിസ്ഥിതിയും - ജി. മധുസൂദനൻ
24. എന്താണ് ആധുനികത - എം. മുകുന്ദൻ
25. കഥയും ഫാന്റസിയും - വത്സലൻ വാതുശ്ശേരി
26. കഥാന്തരങ്ങൾ - പി.കെ. രാജശേഖരൻ
27. ഏകാന്തനഗരങ്ങൾ - പി.കെ. രാജശേഖരൻ
28. The Art of Fiction - James Henry
29. The Lonely Voice : A Study of the Short Story - Frank O'econnor
30. Narrative - A Seminar - (Ed.) Amiya Dev. Kendra Sahithya Acadamy.
31. The Rhetoric of Fiction - Wayne C. Booth
32. The Writing of Fiction - Theodore Goodman
33. Short Story Writing - Wilson R. Thornley
34. How to Write Short Stories - Thomson
35. Writing Great Short Stories - Margaret Lucke
36. Handbook of Short Story Writing (Ed.) - Frank A. Dickson
37. ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - (എഡി.) കെ.എം. ജോർജ്ജ്

സെമസ്റ്റർ 2

## പേപ്പർ 7. ഐച്ഛികവിഷയം (എ) കേരളസംസ്കാരം – കൊല്ലവർഷാരംഭത്തിനുമുൻപ്

## (Paper VII Optional Subject (A) Kerala Culture Before the ~~Malayalam~~ Kollam Era)

യൂണിറ്റ് ഒന്ന്

സംഘകാലം, ഉപാദാനസാമഗ്രി കൾ അശോക[redacted]ശാസനങ്ങൾ, റോമൻ നാണയങ്ങൾ, സഞ്ചാരികളുടെ കുറിപ്പുകൾ, മഹാവംശം, ദീപവംശം – [redacted]ശാസ്ത്രപരമായ പ്രത്യേകതകൾ, ഐന്തിണകൾ, ജീവിതരീതികൾ, ആരാധനാമൂർത്തികൾ – [redacted]രശർ

യൂണിറ്റ് രണ്ട്

സംഘകാലത്തെ രാജവംശങ്ങളും രാജാക്കന്മാരും. ഏഴിമലയിലെ ആയ് രാജാക്കന്മാർ, ചേരരാജാക്കന്മാർ, ചേരരാജധാനി – വിവാദങ്ങൾ, സാംസ്കാരിക സംഭാവനകൾ, സാഹിത്യം, സ്മാരകശിലകൾ, അകം–പുറം കവിതകൾ.

യൂണിറ്റ് മൂന്ന്

സംഘകാലത്തെ രാഷ്ട്രീയസ്ഥിതി, ഭരണസംവിധാനം, രാജാവ്, മന്ത്രിമാർ, പുരോഹിതൻ, നാട്ടുകൂട്ടം, മറ്റ് പ്രധാനവരുമാനമാർഗ്ഗങ്ങൾ നികുതിവ്യവസ്ഥ, സൈന്യവിഭാഗം, ചതുരംഗസേന, നീതിനിർവ്വഹണം, ശിക്ഷാവിധികൾ

യൂണിറ്റ് നാല്

സംഘകാലത്തെ സാമൂഹികജീവിതം, ശ്രേണികൾ, ജാതിവ്യവസ്ഥ, ഉച്ചനീചത്വം, ദായക്രമം, വിവാഹം, ആഹാരം, വസ്ത്രം, ആഭരണങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, തൊഴിലുകൾ, കൃഷിയും വാണിജ്യവും, വിദ്യാഭ്യാസം, സ്ത്രീകൾക്കുള്ള സ്ഥാനം.

യൂണിറ്റ് അഞ്ച്

മതങ്ങൾ, ആര്യമതം, ശൈവ–വൈഷ്ണവ മതങ്ങൾ, ബുദ്ധ–ജൈനമതങ്ങൾ, ആരാധനാരീതികൾ, വൃക്ഷാരാധന, നാഗാരാധന, പത്തിനിപൂജ, ക്ഷേത്രങ്ങൾ – വിഗ്രഹാരാധന.

സഹായകഗ്രന്ഥങ്ങൾ


1. കേരളചരിത്രം – ശ്രീധരവാര്യർ, രാജൻ ഗുരുക്കൾ
2. കേരളചരിത്രം – വാ. 1,2 (കേരള ഹിസ്റ്ററി അസോസിയേഷൻ)
3. കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ – ഇളംകുളം കുഞ്ഞൻപിള്ള
4. അന്നത്തെ കേരളം – ഇളംകുളം കുഞ്ഞൻപിള്ള
5. Sangam Polity - N. Subramanian (Madras, 1966)
6. Reinterpretation in South Indian History - Dr. M.G.S. Narayanan (Trivandrum 1977)
7. The Social Life of the Tamils: The Classical Period - S. Singaravelu (Kulalumpur, 1966)
8. Tamil Heroic Poetry - K. Kailasapathy (Oxford, 1968)

9. Sangam Literature: Its cults and cultures (Ed.) K.A. Nilakanta Sastri (Madras, 1972)

10. A History of South India - 3rd edn. K.A. Nilakanta Sastri (Delhi, 1966)

11. Chera Kings of the Sangam Age - K.G. Sesha Iyer

12. Some Aspects of Kerala and Tamil Cultures - M. Raghavan Iyengar

13. History of the Tamils - P.T. Sreenivasa Iyengar

14. The Beginning of South Indian History - S. Krishnaswamy Iyengar

15. History of Kerala - K.V. Krishna Iyer

സെമസ്റ്റർ 7

പേപ്പർ 7 ഐച്ഛികവിഷയം (ബി) കേരളത്തിന്റെ വൈജ്ഞാനികപാരമ്പര്യം

**(Paper VII Optional Subject (B) Scientific and Technical Tradition of Kerala)**

യൂണിറ്റ് ഒന്ന്: **ജ്യോതിഷം**

ജ്യോതിഷശാസ്ത്രം, പ്രമാണഭാഗം, ഫലഭാഗം. കേരളീയരായ ജ്യോതിശാസ്ത്രജ്ഞന്മാർ ആര്യഭട്ടൻ, ഭാസ്കരൻ 1, ശങ്കരനാരായണൻ, തലക്കുളത്തു ഭട്ടതിരി, വടശ്ശേരി പരമേശ്വരൻ നമ്പൂതിരി, കേളല്ലൂർ നീലകണ്ഠസോമയാജി, മഴമംഗലത്തു ശങ്കരൻനമ്പൂതിരി, തൃക്കണ്ടിയൂർ അച്യുതപ്പിഷാരടി, പുതുമന ചോമാതിരി തുടങ്ങിയവർ. ഇവരുടെ കൃതികൾ പരഹിതപദ്ധതി, കേരളത്തിലെ കാലഗണനാസമ്പ്രദായങ്ങൾ, കലിദിനസംഖ്യ കടപയാദി, ജ്യോതിഷവും ഗണിതശാസ്ത്രവും, ജ്യോതിശാസ്ത്രത്തിന് കേരളത്തിന്റെ സംഭാവന ജ്യോതിഷവും സംസ്കാരവും കാലദീപകം, കരണപദ്ധതി, ക്രിയാസംഗ്രഹം, ജാതകപദ്ധതി തുടങ്ങിയ ഗ്രന്ഥങ്ങൾ.

യൂണിറ്റ് രണ്ട്: **ആയുർവേദം**

ആയുർവേദത്തിന്റെ ഉത്പത്തി. ആയുർവേദത്തിലെ പ്രമാണഗ്രന്ഥങ്ങൾ. ചരകം, സുശ്രുതം, അഷ്ടാംഗഹൃദയം. കേരളത്തിൽ ആയുർവേദം പുഷ്ടിപ്പെടാനുണ്ടായ സാഹചര്യങ്ങൾ ബുദ്ധ-ജൈനമതങ്ങളുടെ സ്വാധീനം കേരളീയരുടെ പാരമ്പര്യചികിത്സാരീതി, വിഷവൈദ്യം, ബാലചികിത്സ. കേരളത്തിലെ ആയുർവേദസാഹിത്യ മൂലകൃതികളുടെ വ്യാഖ്യാനങ്ങൾ. മൂലകൃതികളെ ഉപജീവിച്ചു എഴുതപ്പെട്ട സ്വതന്ത്രകൃതികൾ. നാട്ടുവൈദ്യന്മാർ, അപ്പപ്പോൾ കുറിച്ചുവെച്ച ഔഷധച്ചാർത്തുകളുടെയും ക്രിയാരീതികളുടെയും സമാഹാരങ്ങൾ. ആധുനികശാസ്ത്രവിജ്ഞാനം ഉൾക്കൊണ്ട് എഴുതപ്പെട്ട നവീനകൃതികൾ. ആയുർവേദ നിഘണ്ടുക്കൾ - ധന്വന്തരി നിഘണ്ടു, മദനവിനോദം നിഘണ്ടു, രാജനിഘണ്ടു, രാജവല്ലഭനിഘണ്ടു, നിഘണ്ടുസംഗ്രഹം, ശാരീരനിഘണ്ടു മുതലായവ ഹോർത്തുസിൻഡിക്കസ് മലബാറിക്കസ്, ഇട്ടി അച്യുതൻ. ആയുർവേദവും കേരളത്തിലെ നാട്ടുവൈദ്യന്മാരും ആയുർവേദത്തിന് കേരളത്തിന്റെ സംഭാവന. അഷ്ടവൈദ്യന്മാർ, വൈദ്യരത്നം പി.എസ്. വാരിയരുടെ സേവനങ്ങൾ - വൈദ്യഗ്രന്ഥങ്ങൾ - ഹൃദയപ്രിയം (വൈക്കത്തു പാച്ചുമൂത്തത്) യോഗാമൃതം (ഉൾപ്പോട്ടു കണ്ണൻ), സിന്ദൂരമഞ്ജരി (കൈക്കൊട്ട് നാരായണൻ മൂസ്സത്), ആരോഗ്യകല്പദ്രുമം (കൈക്കുളങ്ങര രാമവാരിയർ), ആലത്തൂർ മണിപ്രവാളം മാതംഗലീല മുതലായവ.

യൂണിറ്റ് മൂന്ന് : വ്യാകരണം

വേദാംഗങ്ങൾ - ശിക്ഷ, നിരുക്തം, വ്യാകരണം. സംസ്കൃതവ്യാകരണപാരമ്പര്യം. അഷ്ടാധ്യായി, വാർത്തികം, മഹാഭാഷ്യം, സിദ്ധാന്തകൗമുദി, സംസ്കൃതവ്യാകരണത്തിന് കേരളത്തിന്റെ സംഭാവന കൂടല്ലൂർമന, കിള്ളിമംഗലത്തു മന, കോഴിക്കോട് മനോരമത്തമ്പുരാട്ടി, പ്രക്രിയാസർവസ്വം (മേല്പത്തൂർ നാരായണഭട്ടതിരി) അപാണിനീയ പ്രാമാണ്യസാധനം (മേല്പുത്തൂർ) പ്രവേശകം (അച്യുതപ്പിഷാരടി), പ്രഥമവ്യാകരണം (ഏ.ആർ.) മധ്യമവ്യാകരണം (ഏ.ആർ.), പ്രയോഗദീപിക (സാഹിത്യപഞ്ചാനനൻ) തുടങ്ങിയ കൃതികൾ. പദസംസ്കാരചന്ദ്രിക (കൈക്കുളങ്ങര രാമവാരിയർ), പാണിനീയ പ്രദ്യോതം (ഐ.സി. ചാക്കോ) പ്രക്രിയാഭാഷ്യം (ഫാ. ജോൺ കുന്നപ്പള്ളി)

വ്യാകരണശാസ്ത്രകാവ്യങ്ങൾ - വാസുദേവവിജയം (വാസുദേവഭട്ടതിരി), സുഭദ്രാഹരണം (നാരായണൻ) ധാതുകാവ്യം (മേൽപുത്തൂർ) ശ്രീ ചിഹ്നകാവ്യം (വില്വമംഗലം) തുടങ്ങിയവ

സംസ്കൃതവ്യാകരണത്തിന്റെ സ്വാധീനം ലീലാതിലകത്തിലും മറ്റു മലയാളവ്യാകരണഗ്രന്ഥങ്ങളിലും മിഷനറിമാരുടെ വ്യാകരണകൃതികൾ അപ്പുനെടുങ്ങാടി, എ.ആർ. രാജരാജവർമ്മ, ശേഷഗിരിപ്രഭു തുടങ്ങിയ വൈയാകരണന്മാരുടെ സംഭാവനകൾ.

**യൂണിറ്റ് നാല്: മറ്റു ശാസ്ത്രങ്ങൾ**

ശില്പശാസ്ത്രം: കടുശർക്കരയോഗം, കൂപശാസ്ത്രം, കെട്ടിടക്കണക്ക്, തച്ചുശാസ്ത്രം, പ്രതിമാലക്ഷണം, ഭവനനിർമ്മാണവിധി, മനുഷ്യാലയ ചന്ദ്രിക, വർണ്ണനിർമ്മാണവിധി, വിശ്വകർമ്മീയം മണിപ്രവാളം ശില്പശാസ്ത്രം ഭാഷ, ശില്പരത്നം [illegible]ഭാഷാമിശ്രം മുതലായ കൃതികൾ. കാണിപ്പയ്യൂരിന്റെ സംഭാവന.

ഗണിതം: കണക്കതികാരം, കണക്കുവരിയോല, ഭ[illegible]ം, ചക്രവൃദ്ധിഗണിതം ഇത്യാദികൃതികൾ

മന്ത്രം : അജപായോഗാദി മന്ത്രപ്രയോഗം, അർക[illegible]ം, ഒഡ്ഡീശം, ഭാഷ, ഗന്ധർവപഞ്ചാക്ഷരി ബാധോച്ചാടനം മണിപ്രവാളം മുതലായ കൃതികൾ.

നീതിന്യായം: വ്യവഹാരമാല മണിപ്രവാളം, വ്യവഹാരപദം തുടങ്ങിയ ഗ്രന്ഥങ്ങൾ

കളരിവിദ്യ: അടവുകൾ, ആയുധലക്ഷണം, ആയുധോപദേശം, എടുപ്പ് മുറകണക്കുകൾ കലാവിദ്യകൾ, കളരിപ്പയറ്റ്, കളരിപാരമ്പര്യം, കളരിപൂജ, ഖഡ്ഗലക്ഷണം, പാറകൊളത്തെ കളിയാട്ടം, പടക്കപ്രയോഗം, ശാസ്ത്രവിദ്യ മുതലായ കൃതികൾ.

മർമ്മവിദ്യ : മർമ്മക്ഷത ചികിത്സ, മർമ്മങ്ങൾ, മർമ്മതന്ത്രം കിളിപ്പാട്ട്, മർമ്മവിദ്യ, മർമ്മചികിത്സ മുതലായ കൃതികൾ

യോഗവിദ്യ: പ്രാണായാമക്രമം, യോഗാഭ്യാസക്രമം. ശരീരതത്ത്വം, യോഗസംഗ്രഹം ഗദ്യം ഇത്യാദിഗ്രന്ഥങ്ങൾ

വെടിക്കോപ്പുവിധി, ഉപ്പുകാച്ചും പ്രകാരം മുതലായ വേറെയും പഴയ ശാസ്ത്രഗ്രന്ഥങ്ങൾ. മേല്പറഞ്ഞ ശാസ്ത്രശാഖകളുടെ ഇന്നത്തെ അവസ്ഥ.

ഭൗതികശാസ്ത്രം, രസതന്ത്രം, ഗണിതം, സസ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം ഇത്യാദി ആധുനിക ശാസ്ത്രങ്ങൾ മലയാളത്തിൽ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശാസ്ത്രസാഹിത്യപരിഷത്ത് ഇവയുടെ പ്രവർത്തനങ്ങൾ.

**യൂണിറ്റ് അഞ്ച്: വ്യാഖ്യാനം, സാഹിത്യചരിത്രനിർമ്മാണം, നിഘണ്ടു നിർമ്മാണം**

സംസ്കൃതത്തിലെ വ്യാഖ്യാന പാരമ്പര്യം, ഭാഷ്യം, വാർത്തികം, വൃത്തി, വ്യാഖ്യ ടീക, ടിപ്പണി, വേദങ്ങൾ, ഇതിഹാസങ്ങൾ. പുരാണങ്ങൾ, കാവ്യങ്ങൾ, ശാസ്ത്രഗ്രന്ഥങ്ങൾ തുടങ്ങിയവയുടെ വ്യാഖ്യാനങ്ങൾ - സാമാന്യാവലോകനം.

കേരളീയ പണ്ഡിതന്മാർ സംസ്കൃതത്തിലെ വൈജ്ഞാനിക കൃതികൾക്ക് തയ്യാറാക്കിയ വ്യാഖ്യാനങ്ങൾ. വ്യാഖ്യാനവും മൂലപാഠനിർണ്ണയവും. ജാതകർമ്മപദ്ധതി വ്യാഖ്യാനം, ജാതകചന്ദ്രികാവ്യാഖ്യാനം, ജാതകപദ്ധതി വ്യാഖ്യാനം, തന്ത്രസംഗ്രഹം വ്യാഖ്യാനം, മുഹൂർത്തപദവി വ്യാഖ്യാനം, ആര്യഭടീയ വ്യാഖ്യാനം, ലഘുഭാസ്കരീയ വ്യാഖ്യാനം (ബാലശങ്കരം), ലീലാവതി വ്യാഖ്യാനം, ഹോരാഭാഷാവ്യാഖ്യാനം, തച്ചുശാസ്ത്രവ്യാഖ്യാനം, സഹസ്രയോഗം ഭാഷാവ്യാഖ്യാനം, മനുഷ്യാലയ ചന്ദ്രിക ഭാഷാവ്യാഖ്യാനം, സഹസ്രയോഗം ഭാഷാവ്യാഖ്യാനം, വൈദ്യചിന്താ

മണി വ്യാഖ്യാനം, അഷ്ടാംഗഹൃദയ വ്യാഖ്യാനം, പ്രപഞ്ചസാരവ്യാഖ്യാനം, വ്യവഹാരമാല വ്യാഖ്യാനം മുതലായ കൃതികൾ.

ഭാഷാസാഹിത്യചരിത്ര നിർമ്മാണത്തിന്റെ പ്രശ്നങ്ങൾ, സമീപനരീതികൾ, പി. ഗോവിന്ദപിള്ള, ആർ. നാരായണപ്പണിക്കർ, ഉള്ളൂർ, വടക്കുംകൂർ തുടങ്ങിയവരുടെ സാഹിത്യചരിത്രഗ്രന്ഥങ്ങൾ. ഭാഷാസാഹിത്യചരിത്രനിർമ്മാണവും ഗവേഷണവും.

സഹായകഗ്രന്ഥങ്ങൾ


1. കേരളസാഹിത്യചരിത്രം വാല്യങ്ങൾ 1,2 - ഉള്ളൂർ
2. കേരളീയ സംസ്കൃതസാഹിത്യചരിത്രം 4,5,6 വാല്യങ്ങൾ - വടക്കുംകൂർ രാജരാജവർമ്മ
3. ആയുർവേദത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ - സി. രാമകൃഷ്ണൻ നായർ
4. ആയുർവേദ ചരിത്രം - എൻ.വി. കൃഷ്ണൻകുട്ടി വാര്യർ
5. കേരളവിജ്ഞാനകോശം - (എഡി.) ടി.കെ. കൊച്ചുനാരായണൻ
6. കേരളത്തിന്റെ സാംസ്കാരിക ചരിത്രം - പി.കെ. ഗോപാലകൃഷ്ണൻ
7. പ്രാചീനഗണിതം മലയാളത്തിൽ - സി.കെ. മൂസ്സത്
8. കേരളത്തിലെ നാടോടി വിജ്ഞാനത്തിന് ഒരു മുഖവുര - എം.വി. വിഷ്ണുനമ്പൂതിരി
9. ശാസ്ത്രം ഇന്ത്യയിൽ ഒരു സംക്ഷിപ്ത ചരിത്രം - എസ്.എൻ.സെൻ, ബി.വി. സുബ്ബരായപ്പ (മലയാളവിവർത്തനം) വാല്യം 1,2 (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം)
10. മലയാളസാഹിത്യവും ക്രിസ്ത്യാനികളും - പി.ജെ. തോമസ്
11. നിഘണ്ടുവിജ്ഞാനം - പി. സോമശേഖരൻ നായർ
12. നിഘണ്ടുക്കൾ മലയാളത്തിൽ - പി.വി. ഓമന
13. മലയാളമഹാനിഘണ്ടു വാല്യം 1, അവതാരിക - (എഡി.) ശൂരനാട്ടു കുഞ്ഞൻപിള്ള
14. History of astronomy in India - S.N. Sen and K.S. Sukla (Indian National Science Academy, New Delhi)
15. Contribution of Kerala to Sanskrit Literature - Dr. K. Kunjunni Raja
16. Astronomy and Mathematics in Kerala - K. Kunjunni Raja
17. Technical Literature in Kerala - Dr. Venkata Subramania Iyer
18. History of Indian Literature, Pt. III Vol. II, Scientific and Technical Literature — M. Winternitz

## സെമസ്റ്റർ 2

## പേപ്പർ ഐച്ഛികവിഷയം (സി) കേരളത്തിന്റെ രംഗകലാപാരമ്പര്യം

## Paper VII Optional Subject (C) Traditional Performing Arts of Kerala

കേരളത്തിന്റെ രംഗകലാപാരമ്പര്യത്തെപ്പറ്റിയും അതിന്റെ സാഹിത്യത്തെപ്പറ്റിയുമുള്ള പഠനത്തിൽ നമ്മുടെ സാംസ്കാരികവിശേഷത്തിന്റെ സവിശേഷതകൾ മനസ്സിലാക്കുവാനുള്ള ഏറ്റവും ഫലപ്രദമായൊരു വഴിയാണ്. രംഗകല ബിരുദാനന്തരവിദ്യാർത്ഥികൾക്ക് അവയെ പരിചയപ്പെടുത്തുവാനും സംസ്കാരപഠനത്തിന്റെ വിപുലമേഖലയിലേക്ക് അവയെ ബന്ധപ്പെടുത്തുവാനും ഉദ്ദേശിച്ചാണ് ഇത് ചിട്ടപ്പെടുത്തിയിട്ടുള്ളത്. നാടോടി, ക്ലാസിക്കൽ, ആധുനികം വർത്തമാനം എന്നീ ഭാഗങ്ങളിലായി വൈവിധ്യത്തോടുകൂടി രൂപപ്പെടുന്ന ദൃശ്യകലകളിലെ പ്രാതിനിധ്യസ്വഭാവമുള്ളവയാണെന്ന് പഠനത്തിനായി നിർദ്ദേശിക്കുന്നത്.

യൂണിറ്റ് 1

കേരളത്തിന്റെ നാടോടിനാടകപാരമ്പര്യത്തെയും അതിന്റെ സാഹിത്യത്തെയും അനുഷ്ഠാനപരമായ വിവിധകലാരൂപങ്ങളെയും പരിചയപ്പെടുത്തുകയാണ് ഇവിടെ ലക്ഷ്യം. പടേനി, പൂരക്കളി, ഓണക്കളി, തെയ്യം, മുടിയേറ്റ്, പൊട്ടനാട്ടം, പൊറാട്ട്, സീതകളി, ചവിട്ടുനാടകം, [illegible] തുടങ്ങിയവയുടെ സാമാന്യപഠനം ഇവിടെയുണ്ടാവണം.

വിശദപഠനം

1. കക്കാരിശ്ശി നാടകം
2. കാറൽമാൻ ചരിതം

യൂണിറ്റ് 2

കേരളത്തിലെ ക്ലാസിക്കൽ രംഗകലകളെക്കുറിച്ചുള്ള സാമാന്യപഠനമാണിതിൽ. കൂത്ത്, കൂടിയാട്ടം, കഥകളി, ഓട്ടൻതുള്ളൽ തുടങ്ങിയ കലാരൂപങ്ങളുടെയും അവയുടെ സാഹിത്യത്തിന്റെയും സവിശേഷതകൾ ഇവിടെ പരിചയപ്പെടുത്തണം.

വിശദപഠനം

1. ആശ്ചര്യചൂഡാമണി - ശക്തിഭദ്രൻ (മലയാളപരിഭാഷ)
2. ഘോഷയാത്ര - കുഞ്ചൻ നമ്പ്യാർ

യൂണിറ്റ് 3

മലയാളനാടകത്തിന്റെ ആവിർഭാവവും വികാസവും പരിചയപ്പെടുത്തുന്ന യൂണിറ്റാണിത്. ആദ്യകാലപരിഭാഷകൾ, തമിഴ് സംഗീതനാടകങ്ങൾ, പ്രഹസനങ്ങൾ, പ്രശ്നനാടകങ്ങൾ, കെ.പി.എ.സി.യുടെയും മറ്റും സാമൂഹ്യരാഷ്ട്രീയനാടകങ്ങൾ.

1. പ്രണയ ജാംബവാൻ - എൻ.പി. ചെല്ലപ്പൻ നായർ
2. കാപാലിക - എൻ.എൻ. പിള്ള
3. ഒരു മനുഷ്യൻ നീ തന്നെ - സി.ജെ. തോമസ്

യൂണിറ്റ് 4

മലയാളനാടകത്തിലെ രംഗകലാമണ്ഡലത്തിലുണ്ടായ ശക്തമായ പരിവർത്തനങ്ങളെയും അവയുടെ സാഹിത്യത്തെയും പരിചയപ്പെടുത്തുന്ന യൂണിറ്റാണിത്. പരീക്ഷണനാടകങ്ങൾ, തനതു നാടകങ്ങൾ, സ്ത്രീപക്ഷനാടകങ്ങൾ, സമകാലികനാടകങ്ങൾ, ഏകാങ്കനാടകങ്ങൾ തുടങ്ങിയവ.

1. കറുത്ത ദൈവത്തെത്തേടി – ജി. ശങ്കരപ്പിള്ള
2. സൗപർണ്ണിക – നരേന്ദ്രപ്രസാദ്
3. കള്ളി.. കള്ളി.. കഥയില്ലാക്കള്ളി – സതീഷ് കെ. സതീഷ്

യൂണിറ്റ് 5

സിനിമ-തിരക്കഥ പ്രൊഡക്ഷൻ ടെക്നിക്ക്, സാങ്കേതികവിദ്യയും സാഹിത്യഭാഷയും, ഫിക്ഷൻ, ഫീച്ചർഫിലിം, ഡോക്യുമെന്ററി, പരസ്യചിത്രങ്ങൾ ഇവയുടെ ഭാഷാസവിശേഷതകൾ തിരക്കഥയുടെ സാമാന്യപഠനം.

വിശദപഠനം

1. എലിപ്പത്തായം - അടൂർ ഗോപാലകൃഷ്ണൻ
2. ബാറ്റിൽഷിപ്പ് പൊട്ടെംകിൻ - ഐസൻസ്റ്റീൻ (വിവ: നീലൻ)

സഹായകഗ്രന്ഥങ്ങൾ

1. കാക്കാരിശ്ശിനാടകം – (എഡി) രാജവാര്യർ)
2. കാക്കാരിശ്ശിനാടകം - ജി. ഭാർഗ്ഗവൻപിള്ള
3. ചവിട്ടുനാടകം – സബീന റാഫി
4. മുടിയേറ്റ് – സി.ആർ. രാജഗോപാലൻ
5. കൂത്തും കൂടിയാട്ടവും - കേരളവർമ്മ അമ്മാവൻ തമ്പുരാൻ
6. കഥകളി രംഗം - കെ.പി.എസ്. മേനോൻ
7. തുള്ളൽക്കഥ ഒരു പഠനം – വി.എസ്. ശർമ്മ
8. കഥകളിവിജ്ഞാനകോശം - അയ്മനം കൃഷ്ണക്കൈമൾ
9. നവനാടകങ്ങളിലെ നാട്യപ്രകാരം – ഡോ. എൽ. തോമസ്കുട്ടി
10. പരീക്ഷണപ്രവണതകൾ മലയാളനാടകത്തിൽ - ഡോ. എൽ. തോമസ്കുട്ടി
11. രംഗഭാഷ - വയലാ വാസുദേവൻപിള്ള
12. മലയാളനാടകസാഹിത്യചരിത്രം - ജി. ശങ്കരപ്പിള്ള
13. നാടകദർശനം – ജി. ശങ്കരപ്പിള്ള
14. കർട്ടൻ - എൻ.എൻ. പിള്ള
15. നാടകദർപ്പണം - എൻ.എൻ. പിള്ള
16. നാടകം കണ്ണിന്റെ കല - ടി.പി. സുകുമാരൻ
17. ഫോക്‌ലോർ - രാഘവൻ പയ്യനാട്
18. തോറ്റം പാട്ട് – ജി. ശങ്കരപ്പിള്ള

9. കേരളത്തിലെ നാടോടിനാടകങ്ങൾ - എസ്.കെ. നായർ

10. പൊറാട്ടുനാടകം - ജി. ഭാർഗ്ഗവൻപിള്ള

11. തെരുവുനാടകം - എൻ.ആർ. ഗ്രാമപ്രകാശ്

12. നാട്യശാസ്ത്രം - ഭരതമുനി (പരിഭാഷ - കെ.പി. നാരായണപിഷാരടി)

13. സിനിമയുടെ ലോകം - അടൂർ ഗോപാലകൃഷ്ണൻ

14. മലമുകളിൽ മഞ്ഞുപെയ്യുന്നു - ഐ. ഷണ്മുഖദാസ്

15. മലയാളം തിരക്കഥയും - ഡോ. ആർ.വി.എം. ദിവാകരൻ

16. മലയാള സിനിമയും സാഹിത്യവും - മധു ഇറവങ്കര

17. അടൂരിന്റെ ലോകം - (എഡി.) എം.എഫ്. തോമസ്

18. നാടകകാലം - സതീഷ് കെ. സതീഷ്

19. Folklore & Folklife - Richard M. Dorson

20. World Theatre - alladyce Nicoll

21. The Theory of Modern Stage - Eric Bently

22. Folk Plays and Dancer of Kerala - M.D. Raghavan

23. The Sanskrit Drama - A.B. Keith

24. The Traditional Theatre of Kerala - C. Rajendran

25. How to Read a Film - James Monaco

26. Screen Play - The Foundations of Screen Writting - Syd. Field

സെമസ്റ്റർ 2

പേപ്പർ 7 – ഐച്ഛികവിഷയം (ഡി) കേരളത്തിന്റെ ആധുനികവൽക്കരണം

## Paper VII Optional Subject (D) Modernisation of Kerala

**യൂണിറ്റ് ഒന്ന് :**

19–ാം നൂറ്റാണ്ടിലെ കേരളം–സാമൂഹികവും സാംസ്കാരികവുമായ സ്ഥിതിഗതികൾ ജാതികളും ഉപജാതികളും, അടിമസമ്പ്രദായം, തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ, ജാതിതിരിച്ചുള്ള ആചാരാനുഷ്ഠാനങ്ങൾ, ദായക്രമങ്ങൾ, വിദ്യാഭ്യാസസമ്പ്രദായം. ക്ഷേത്രകേന്ദ്രീകൃതമായ ആചാരങ്ങൾ, കുടുംബത്തിലും സമൂഹത്തിലും സ്ത്രീയ്ക്കും പുരുഷനുമുണ്ടായിരുന്ന സ്ഥാനം.

**യൂണിറ്റ് രണ്ട് :**

പാശ്ചാത്യമിഷണറിമാരുടെ ആഗമനം – രാഷ്ട്രീയാധിപത്യപരവും മതപരവുമായ പ്രവർത്തനങ്ങൾ – മിഷണറിമാരുടെ ഭാഷാപഠനം, വ്യാകരണരചന, നിഘണ്ടുനിർമ്മാണം, പത്രപ്രവർത്തനം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, ഗദ്യത്തിന്റെ വികാസം, അച്ചടി, ബെഞ്ചമിൻ ബെയ്‌ലിയും മലയാളം അച്ചടിയും – ബാസൽ മിഷൻ. ഗുണ്ടർട്ടിന്റെ പ്രവർത്തനങ്ങൾ, അച്ചടിയുടെ വ്യാപനം, കേരളത്തിലെ ആദ്യകാലഅച്ചുകൂടങ്ങൾ, ആദ്യകാലമുദ്രിതകൃതികൾ, പുസ്തകപ്രസാധനം, മാസികാപ്രസാധനം – സാഹിത്യസാംസ്കാരികപുരോഗതിയും വിജ്ഞാനവ്യാപനവും.

**യൂണിറ്റ് മൂന്ന്, നാല് :**

സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ രൂപംകൊണ്ടതിന്റെ ചരിത്രപശ്ചാത്തലം – ജാതിക്കും അയിത്തത്തിനും എതിരായ സമരങ്ങൾ, വൈക്കം സത്യഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, ക്ഷേത്രപ്രവേശനവിളംബരം, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, മന്നത്തുപത്മനാഭൻ, അയ്യൻകാളി, വി.ടി. ഭട്ടതിരിപ്പാട് തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ. മലയാളിമെമ്മോറിയൽ, ഈഴവമെമ്മോറിയൽ, നിവർത്തനപ്രക്ഷോഭം, സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ ദേശീയപ്രസ്ഥാനത്തോടു കണ്ണി ചേർന്നപ്പോൾ കേരളത്തിലുണ്ടായ നവോത്ഥാനം – ചന്തുമേനോൻ, വള്ളത്തോൾ, ആശാൻ, ഉള്ളൂർ, കെ.പി. കറുപ്പൻ തുടങ്ങിയ സാഹിത്യകാരന്മാരുടെ പങ്ക്.

തിയോസഫിക്കൽ സൊസൈറ്റി, ബ്രഹ്മസമാജം, ശ്രീരാമകൃഷ്ണമിഷൻ ആനന്ദമതം, ആത്മവിദ്യാഭ്യാസം, ആര്യസമാജം തുടങ്ങിയ ആധുനികമതപ്രസ്ഥാനങ്ങൾ കേരളത്തിൽ സൃഷ്ടിച്ച സാംസ്കാരിക അഭിവൃദ്ധി.

രാജാധിപത്യത്തിൽ നിന്ന് ജനാധിപത്യത്തിലേക്കുള്ള മാറ്റം.

കർഷകസമരങ്ങൾ – മുന്നേറ്റങ്ങൾ

കേരളത്തിന്റെ ഏകീകരണം – ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസനിയമം, ആരോഗ്യനയം, കുടുംബവ്യവസ്ഥയിലെ മാറ്റങ്ങൾ, പ്രശ്നങ്ങൾ

**യൂണിറ്റ് അഞ്ച് :**

കേരളത്തിന്റെ വികാസം ഇന്ത്യയുടെ പൊതുപശ്ചാത്തലത്തിൽ – വികസനത്തിന്റെ കേരളമാതൃക – കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, ശിശുസംരക്ഷണം, ആസൂത്രണം, ഗ്രാമവികസനം, സമ്പൂർണ്ണസാക്ഷരതാപ്രവർത്തനങ്ങൾ – അധികാരവികേന്ദ്രീകരണം – ജനകീയ ആസൂത്രണം – പ്രവാസിമലയാളികളും കേരളീയസമൂഹവും – കേരളമാതൃകയുടെ നേട്ടങ്ങളും കോട്ടങ്ങളും – മാറുന്ന കേരളീയസമൂഹം.

സഹായകഗ്രന്ഥങ്ങൾ


1. പഞ്ഞൊമ്പതാം നൂറ്റാണ്ടിലെ കേരളം - പി. ഭാസ്കരനുണ്ണി
2. കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ - പി. ഭാസ്കരനുണ്ണി
3. കേരളത്തിന്റെ ഇന്നലെകൾ - കെ.എൻ. ഗണേഷ്
4. കേരളത്തിന്റെ സാംസ്കാരികചരിത്രം - പി.കെ. ഗോപാലകൃഷ്ണൻ
5. എസ്.എൻ.ഡി.പി. യോഗചരിത്രം - പി.എസ്. വേലായുധൻ
6. നായർസർവീസ് സൊസൈറ്റി സമ്പൂർണ്ണഗ്രന്ഥം
7. ജാതിവ്യവസ്ഥിതിയും കേരളചരിത്രവും - പി.കെ. ബാലകൃഷ്ണൻ
8. കേരളചരിത്രം II (എഡി.) പി.എസ്. വേലായുധൻ
9. മലയാളസാഹിത്യവും ക്രിസ്ത്യാനികളും - പി.ജെ. തോമസ്
10. ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും - കെ.എം. ഗോവി
11. ബെഞ്ചമിൻ ബെയ്‌ലി - മലയാളം അച്ചടിയുടെ പിതാവ് - സാമുവൽ വർഗ്ഗീസ്, സാമുവൽ നെല്ലിമുകൾ
12. എന്റെ ജീവിതസ്മരണകൾ 1-ാം ഭാഗം - മന്നത്ത് പത്മനാഭൻ
13. കണ്ണീരും കിനാവും - വി.ടി. ഭട്ടതിരിപ്പാട്
14. വി.ടി.യുടെ ജീവിതസ്മരണകൾ - വി.ടി. ഭട്ടതിരിപ്പാട്
15. നാരായണഗുരു - പി.കെ. ബാലകൃഷ്ണൻ
16. എന്റെ സ്മരണകൾ - കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്
17. ശ്രീനാരായണഗുരുസ്മരണകൾ - പഴമ്പള്ളി അച്യുതൻ
18. കേരളം മലയാളികളുടെ മാതൃഭൂമി - ഇ.എം.എസ്. നമ്പൂതിരിപ്പാട്
19. കേരളം സമൂഹവും രാഷ്ട്രീയവും - ഇ.എം.എസ്. നമ്പൂതിരിപ്പാട്
20. നമ്മൾ നടന്ന വഴികൾ - എസ്.കെ. വസന്തൻ
21. ഭൂമിക്കുവേണ്ടി - എ.കെ.ജി.
22. കേരളത്തിലെ ഭൂപ്രശ്നം - കെ.എ. കേരളീയൻ
23. മണ്ണിനുവേണ്ടി - വിഷ്ണുഭാരതീയർ
24. എന്റെ ജീവിതകഥ - പി. നാരായണൻ നായർ
25. എന്റെ കുതിപ്പും കിതപ്പും - ഫാദർ വടക്കൻ
26. ജീവിതസമരം - സി. കേശവൻ
27. കഴിഞ്ഞകാലം - കെ.പി. കേശവമേനോൻ
28. കേരളം മണ്ണും മനുഷ്യനും - ഡോ. തോമസ് ഐസക് (കേ. ശാ. സാ. പ.)

സെമസ്റ്റർ 2

## പേപ്പർ 8 ഐച്ഛികവിഷയം (എ) ഭാഷാശാസ്ത്രവും സാഹിത്യവിചാരവും

## Paper VIII - Optional Subject (A) Linguistics and Literary Studies)

ഭാഷ എന്ന സാർവ്വജനീനവും സാർവ്വത്രികവുമായ മാനുഷികപ്രതിഭാസത്തിന് മനുഷ്യജീവിതത്തിലുള്ള ധർമ്മങ്ങളിൽ ഒന്ന് സാഹിത്യരചനയും ആസ്വാദനവുമാണ്. ഇത് തിരിച്ചറിയുന്ന ഘട്ടങ്ങളിൽ ഒക്കെ ഭാഷാസ്വഭാവപഠനവും സാഹിത്യവിചാരവും തമ്മിൽ ബന്ധപ്പെടുത്താൻ സാഹിത്യവിചാരസൈദ്ധാന്തികർ ശ്രമിച്ചിട്ടുമുണ്ട്. ഈ ശ്രമത്തിന്റെ ഏറ്റവും പുതിയ ദശയെപ്പറ്റി പരിചയം നേടുകയാണ് പാഠ്യപദ്ധതിയുടെ ലക്ഷ്യം.

**യൂണിറ്റ് ഒന്ന് :**

ഘടനാത്മക ഭാഷാശാസ്ത്രം - സൊസ്യൂറിന്റെ സിദ്ധാന്തം.

**യൂണിറ്റ് രണ്ട് :**

റോമൻ യാക്കൊബ്സൻ ആവിഷ്കരിച്ച ഭാഷാധിഷ്ഠിത സാഹിത്യസിദ്ധാന്തങ്ങൾ - വിശദീകരണം.

**യൂണിറ്റ് മൂന്ന്:**

സാഹിത്യത്തിന്റെ രൂപം - രൂപത്തിൽ നിന്ന് ഉള്ളടക്കത്തിലേക്ക് റഷ്യൻ ഫോർമലിസത്തിന്റെ അടിസ്ഥാനസങ്കല്പങ്ങൾ. ആധുനികശൈലിവിജ്ഞാനം - അടിസ്ഥാന സങ്കല്പങ്ങൾ.

**യൂണിറ്റ് നാല് :**

ഘടനാനന്തര സാഹിത്യവിചാരം - സിദ്ധാന്തങ്ങളുടെ വൈവിധ്യം, ഇവയിൽ ഭാഷാശാസ്ത്രസങ്കല്പനങ്ങൾ പ്രയോഗത്തിൽ വരുത്തിയതിൽ ഊന്നിയുള്ള പഠനം.

**യൂണിറ്റ് അഞ്ച് :**

ഘടനാവാദവും ശൈലീവിജ്ഞാനവും - ഘടനാനന്തര സിദ്ധാന്തങ്ങളും അവ ഇന്നത്തെ മലയാളസാഹിത്യനിരൂപണത്തിൽ ചെലുത്തിയിരിക്കുന്ന പ്രഭാവത്തിന് ഉദാഹരണങ്ങളും വിശദീകരണങ്ങളും.


1. 'The Ethics of Linguistics' - Julia Christeva
2. 'Language, Linguistics and the Study of Literature' - Collin Mac Abe
3. 'The Instance of the letter in unconcious' - J. Lacan

   1,2 & 3 in Modern Criticism and Theory - David Lodge
4. Saussure - Jonathan Culler
5. Linguistic Criticism - Roger Fowler
6. Reader Response Criticism - From formalism to Post structuralism - Jan Tompkins
7. Post modernism : A Reader - W. Partris

8. Contemporary Literary Criticism - Robert Con David
9. Literary Theory - Jonathan Culler
10. Deconstruction: Theory and Practice - Christopher Norris
11. On Deconstruction : Theory and Criticism after structuralism - Jonathan Culler
12. Structuralist Poetics - Jonathan Culler
13. Foucault : A Critical Introduction - Loise Mo Nay
14. Roman Jacobsan 'Linguistics and Poetics' in Language & Literature
15. On Margins of Discourse: on the relation of Language of Literature - Barbara H. Smith
16. Stylistics - J.W. Tumer
17. കുറത്തി: ഒരർത്ഥാന്തരന്യാസം - വി.സി. ശ്രീജൻ (അർത്ഥാന്തരന്യാസം)
18. വിമർശനാത്മക സിദ്ധാന്തം - വി.സി. ശ്രീജൻ
19. വാങ്മയം - ചാത്തനാത്ത് അച്യുതനുണ്ണി
20. സൊസ്സ്യൂർ: ഘടനാവാദത്തിന്റെ ആചാര്യൻ - സി. രാജേന്ദ്രൻ
21. മിഷേൽ ഫൂക്കോ - പി.പി. രവീന്ദ്രൻ
22. പാഠവും പൊരുളും - സി. രാജേന്ദ്രൻ
23. ആധുനികാനന്തര സാഹിത്യസമീപനങ്ങൾ - (എഡി.) സി.ജെ. ജോർജ്ജ്
24. ശൈലീവിജ്ഞാനം: സമകാലപാഠനങ്ങൾ - ചാത്തനാത്ത് അച്യുതനുണ്ണി
25. വള്ളത്തോളിന്റെ കാവ്യശില്പം - എൻ.വി. കൃഷ്ണവാരിയർ
26. കവിതയിലെ ഭാഷ - കെ.എം. പ്രഭാകരവാരിയർ
27. വടക്കൻപാട്ടുകളുടെ പണിയാല - രാഘവവാരിയർ
28. വള്ളത്തോളിന്റെ കാവ്യശൈലി - അനിൽ വള്ളത്തോൾ
29. Modern Criticism and Theory - Ed. David Lodge
30. The Cambridge History of Literary Criticism Vol. 8.

## സെമസ്റ്റർ 2

## പേപ്പർ 8 ഐച്ഛികവിഷയം (ബി) നിഘണ്ടുവിജ്ഞാനം

## Paper VIII - Optional Subject (B) Lexicology

ഭാഷയുടെ കോശപരമായ സ്വഭാവം മനസ്സിലാക്കാനും അതിന്റെ ആവിഷ്കാരമായ നിഘണ്ടുക്കളെ വിലയിരുത്താനും വിവിധതരം നിഘണ്ടുക്കൾ നിർമ്മിക്കുന്നതിന് ഈ അറിവ് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് അന്വേഷിക്കാനും സഹായകമായ നിലയിൽ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നു. ഈവക ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് പ്രസിദ്ധനിഘണ്ടുക്കളുടെ രചനാതന്ത്രത്തെക്കൂടി പരിചയപ്പെടുത്തുന്നു.

**യൂണിറ്റ് ഒന്ന് : കോശവിജ്ഞാനവും (Lexicology) നിഘണ്ടുനിർമ്മാണവും (Lexicography)**

നിഘണ്ടുനിർമ്മാണം പ്രയുക്തഭാഷാശാസ്ത്രം (applied linguistics) എന്ന നിലയിൽ കോശവും വ്യാകരണവും വ്യത്യസ്തമുഖങ്ങൾ, പദം - സ്വനിമപരം, വ്യാകരണപരം, കോശപരം, പദങ്ങളുടെ സ്വനിമപരവും വ്യാകരണപരവും കോശപരവുമായ സ്വഭാവങ്ങൾ. പദങ്ങളുടെ ശൈലീപരമായ നിയന്ത്രണങ്ങൾ.

**യൂണിറ്റ് രണ്ട്: പദവും അർത്ഥവും**

അർത്ഥമെന്നാൽ എന്ത്? അർത്ഥത്തിന്റെ അർത്ഥം, അർത്ഥം പലതരം. പദത്തിന്റെ സ്വനിമസ്വഭാവം അർത്ഥം കോശപരവും വ്യാകരണപരവും ബഹ്വാർത്ഥത (Polysemy), അർത്ഥനിർണയം, ഏകരൂപത (Homonymy) പര്യായത്വം (Synonymy) അർത്ഥഗ്രസനം (hyponymy) അർത്ഥപരിണാമം (Semantic shift) ഘടകാപഗ്രഥനം (Componential analysis), പലതരം ഘടകങ്ങൾ, പ്രതിയോഗിത്വം (opposition) ഏകകാലികവും ബഹുകാലികവും. കോശാർത്ഥവും ഭാഷേതരാർത്ഥവും (extralinguistic meaning) നിഘണ്ടുക്കളിൽ എത്രത്തോളം ഇതിന് പ്രവേശമാകാം.

**യൂണിറ്റ് മൂന്ന് : നിഘണ്ടുക്കളുടെ വർഗീകരണം**

വർഗ്ഗീകരണമാനദണ്ഡം. ഏകകാലികം, ചരിത്രാത്മകം, നിരുക്തപരം (Etymological) ഉച്ചാരണനിഘണ്ടുക്കൾ, സാമാന്യനിഘണ്ടുക്കളും സവിശേഷ വിഷയപ്രതിപാദകമായ നിഘണ്ടുക്കളും. ഭാഷാഭേദനിഘണ്ടു - സങ്കേതിക പദാവലി. അധ്യാപന സഹായികൾ, അർഥവിവരണത്തിനുള്ളവ പൊതുനിഘണ്ടു, ഭാഷാനിഘണ്ടു, ഏകഭാഷാനിഘണ്ടു ദ്വിഭാഷാനിഘണ്ടു, ബഹുഭാഷാനിഘണ്ടു അർത്ഥമേഖലകളും പര്യായങ്ങളും വിപരീതപദങ്ങളും നൽകുന്ന പദമഞ്ജരി (the sayrus)നിഘണ്ടുക്കളും വിജ്ഞാനകോശങ്ങളും.

**യൂണിറ്റ് നാല് : ഏകഭാഷാനിഘണ്ടുവും ദ്വിഭാഷാനിഘണ്ടുവും**

ലക്ഷ്യനിർവ്വചനം സംഭരണം - ലേഖകങ്ങളുടെ തെരഞ്ഞെടുപ്പ് - അതിന്റെ മാനദണ്ഡം ഓരോന്നിലും എന്തൊക്കെ വേണമെന്ന തീരുമാനം. ശീർഷകപദമേതെന്ന നിർണ്ണയം. ഏതു വ്യാകരണസമവർഗ്ഗമെന്ന നിർദ്ദേശം, ഉച്ചാരണം, നിരുക്തം എന്നീ കാര്യങ്ങൾ, ഉപലേഖകങ്ങൾ, അർത്ഥനിർവ്വചനം, പര്യായം, വിപരീതം, ഉദാഹരണം (സ്വയം നിർമ്മിതമോ ഉദ്ധരിച്ചതോ) ലേഖകങ്ങളുടെ ക്രമീകരണം.

നിർവ്വചനം, വിഭാഗങ്ങൾ, ദത്തസംഭരണം, പ്രഭവങ്ങൾ, ലേഖകങ്ങളുടെ തീരുമാനം, സമ

ശബ്ദവിശേഷതകളുടെ വിശദീകരണം, ലേഖക്രമീകരണം, ഉച്ചാരണം, വ്യാകരണലക്ഷണനിർദേശം, ചുരുക്കെഴുത്തും ചിഹ്നസൂചനകളും, ഉദാഹരണങ്ങൾ.

**യൂണിറ്റ് അഞ്ച് : നിഘണ്ടുചരിത്രം**

സംസ്കൃതത്തിലെ നിഘണ്ടു, നിരുക്തം, കോശം, തമിഴിലെ നിഘണ്ടു രചനാ പാരമ്പര്യം, പാശ്ചാത്യരുടെ ഭാരതീയഭാഷാ നിഘണ്ടുക്കൾ, അവയുടെ രീതിവ്യത്യാസം, ദ്രാവിഡനിരുക്ത നിഘണ്ടു (A Dravidian Fetymological Dictionary)വിനെപ്പറ്റി സാമാന്യപരിചയം.

മലയാളനിഘണ്ടുക്കളുടെ ചരിത്രം, ഗുണ്ടർട്ടിന്റെ നിഘണ്ടു, ശബ്ദതാരാവലി, മലയാള മഹാനിഘണ്ടു ഇവയെപ്പറ്റി നിരൂപണാത്മകമായുള്ള പഠനം.

സഹായകഗ്രന്ഥങ്ങൾ

1. ഭാഷാർത്ഥം - വേണുഗോപാല പണിക്കർ
2. നിഘണ്ടുവിജ്ഞാനം - പി. സോമശേഖരൻ നായർ
3. നിഘണ്ടുനിർമ്മാണം - പല ലേഖകന്മാർ (നാഷണൽ ബുക്സ് സ്റ്റാൾ)
4. An Introduction to Lexicography - R.A. Singh (CIIL, Mysore)
5. Tamil and Malayalam Lexicography - Ed. K. Nachinmuthu (Dept. of Tamil, University o Kerala)
6. Manual of Lexicography - L. Zgusta
7. Lexicology - S.M. Katre
8. Semantics Studies in the Science of Meaning - N. Breal
9. Problems in Lexicography - Ed. F. Householder & S. Saporta
10. 'Lexicography' (Current Trends in Linguistics) H.E. Antonio
11. 'Approaches in Lexicography' (Current Trends in Linguistics) A.W. Read.
12. Readings in Applied English Linguistics - Flarold B. Allen
13. Lexicography in India - B.G. Misra
14. Introductory notes to Malayalam Lexicon Vol. & II
15. Introductory notees of Tamil Lexicon
16. Preface to Gunderts 'A Malayalam and English Dictionary'

സെമസ്റ്റർ 2

## പേപ്പർ 8 ഐച്ഛികവിഷയം (സി) വിവർത്തനം സിദ്ധാന്തവും പ്രയോഗവും

## Paper VIII Optional Subject (C) Translation: Theory and Practice

വിവർത്തനത്തിന്റെ താത്ത്വികവശങ്ങൾ മനസ്സിലാക്കുക, പ്രായോഗികവശങ്ങൾ പരിശീലിക്കുക എന്നതാണ് ഈ പാഠ്യപദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

**യൂണിറ്റ് ഒന്ന് :**

വിവർത്തനത്തിന്റെ സാംഗത്യം 'വിവർത്ത[illegible]ം ഭാഷാവ്യതിരേകപഠനവും' നിർവചനങ്ങളും തത്ത്വങ്ങളും. വിവർത്തനം, വ്യാഖ്യാനം, [illegible]വർത്തനം, സൃഷ്ടി - വിവർത്തനം ഒരു ആഖ്യാനരീതി - അതിലൂടെ സാധിക്കുന്ന സാംസ്[illegible]കധർമ്മം.

വിവർത്തനവിഭാഗങ്ങൾ

Intra lingual, Interlingual, Inter Semiotic/Pragmatic, Aesthetic - Poetic, Ethnographic/Mimetic, Analogical, Organic, Deviant/Full, Partial, Total Restricted...

പരിഭാഷാ പ്രക്രിയ (Translation Process)/Text analysis/Transfer - Restructuring....

**യൂണിറ്റ് രണ്ട് :**

സമമൂല്യത (Equivalence)

പാഠസമമൂല്യത (Text equivalence), വിവർത്തനസമമൂല്യത (Translation equivalence), വിവർത്തനസമമൂല്യതയും അനുപദവിവർത്തനവും, സമമൂല്യതയുടെ അഭാവം (Nil Equivalence), വ്യാകരണസമമൂല്യത (Grammatical equivalence) ശൈലീസമമൂല്യത (Stylistic equivalence), സമമൂല്യതയുടെ പ്രശ്നങ്ങൾ (Problems of equivalence) രൂപതുല്യതാ പരിഭാഷ (Formal equivalent translation) ചലനാത്മകതുല്യതാപരിഭാഷ (Dynamic equivalent translation)

**യൂണിറ്റ് മൂന്ന് :**

ഭാഷയും സംസ്കാരവും

മൂലഭാഷാസംസ്കാരം ലക്ഷ്യഭാഷാസംസ്കാരം

സാഹിത്യപരിഭാഷയിലെ പ്രശ്നങ്ങൾ

കവിത, നാടകം, ചെറുകഥ, നോവൽ ഇവയുടെ പരിഭാഷ

വൈജ്ഞാനികകൃതികളുടെ പരിഭാഷ

ഭാവം, രൂപം, ഘടന

പരിഭാഷയിലെ ലാഭനഷ്ടങ്ങൾ

**യൂണിറ്റ് നാല് :**

യന്ത്രപരിഭാഷ (Machine translation) കമ്പ്യൂട്ടർ പരിഭാഷയുടെ സൈദ്ധാന്തികവും പ്രായോഗികവുമായ പ്രശ്നങ്ങൾ ഭാഷാപഗ്രഥനം, നിഘണ്ടുപരിശോധന, ഘടനാന്തരണം (Structural transformation), ഉദ്ഗ്രഥനം (Synthesis), പൂർവ്വപ്രസാധനം (Pre-editing), പശ്ചാത്പ്രസാധനം (Post-editing)

പരിഭാഷകളുടെ ഗുണനിലവാരം, പണ്ഡിതപരിതോഷവാദം (Scholarly method) നികഷോപലവാദം (Touchstone Method) പശ്ചാത് വിവർത്തനം (Back translation).

**യൂണിറ്റ് അഞ്ച് :**

1. ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് കവിത, കഥ, ലേഖനങ്ങൾ പരിഭാഷപ്പെടുത്തി പരിശീലിക്കുക.

2. ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് പരിഭാഷയും ജി. ശങ്കരക്കുറുപ്പിന്റെ മലയാളപരിഭാഷയും താരതമ്യപ്പെടുത്തി പഠിക്കുക.

3. മാരാരുടെ ശാകുന്തളം ഗദ്യപരിഭാഷയും [illegible] ആർ. രാജരാജവർമ്മയുടെ മലയാളശാകുന്തളം പരിഭാഷയും താരതമ്യപ്പെടുത്തി പരിഭാഷ[illegible] ലാഭനഷ്ടങ്ങളെക്കുറിച്ച് പഠിക്കുക.

4. നാലപ്പാട്ടു നാരായണമേനോന്റെ പാവങ്ങളുടെ ആമുഖം. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കാവ്യപരിഭാഷകളുടെ ആമുഖങ്ങൾ; കേസരി ബാലകൃഷ്ണപിള്ളയുടെ പരിഭാഷകളുടെ ആമുഖങ്ങൾ ഇവ വായിച്ച് അവരുടെ പരിഭാഷാ സങ്കല്പങ്ങൾ മനസ്സിലാക്കുക

മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കും പരിഭാഷപ്പെടുത്താനുള്ള ചോദ്യങ്ങൾ മാത്രമേ ഈ യൂണിറ്റിൽനിന്ന് ചോദിക്കാവൂ.

സംജ്ഞകൾ പദങ്ങൾ പഴഞ്ചൊല്ലുകൾ ശൈലികൾ ഇവയും പരിഭാഷപ്പെടുത്താൻ ചോദിക്കാം.

സഹായകഗ്രന്ഥങ്ങൾ


1. വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക - വി.ആർ. പ്രബോധചന്ദ്രൻ നായർ
2. വിവർത്തനം - പല ലേഖകർ (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
3. സാഹിത്യാദാനം - കെ.എം. ജോർജ്ജ്
4. ചങ്ങമ്പുഴ വിവർത്തനങ്ങൾക്കെഴുതിയ ആമുഖങ്ങൾ
5. കേസരി ബാലകൃഷ്ണപിള്ള വിവർത്തനങ്ങൾക്കെഴുതിയ ആമുഖങ്ങൾ
6. വള്ളത്തോളിന്റെ ശാകുന്തളവിവർത്തനത്തിന് സി.എസ്. നായരുടെ അവതാരിക.
7. ഭാഷയും ഭാഷാന്തരണവും - കെ.എം. കോശി
8. തർജമസിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ (എഡി. ജയാസുകുമാരൻ & സ്കറിയ സക്കറിയ)
9. വിവർത്തനചിന്തകൾ (എഡി. വി.ആർ. പ്രബോധചന്ദ്രൻ)
10. തിരുക്കുറളും കൂട്ടുകാരും സമീക്ഷ - കെ.എൻ. എഴുത്തച്ഛൻ
11. കുഞ്ഞുപാത്തുമ്മയുടെ ലോകസഞ്ചാരം, ആഷറുടെ മലയാളസാഹിത്യപഠനങ്ങൾക്കുള്ള അനുബന്ധം -1
12. മലയാളിയും പരിഭാഷയും ആലോചന - എം.എൻ. കാരശ്ശേരി
13. A Linguistic Theory of Translation - J.C. Catford
14. Toward a Science of Translating - T.A. Nida
15. The art of Translation - Theodore Savory

16. Translating - Ian F. Finlay
17. Translation Studies - Susan Bassnett
18. Literature and Translation - James Holmes et. al.
19. Translation - Applications and Research - R.W. Brislin
20. Translation as Discovery - Suji Mukharji
21. The theory and practice of translation - E.A. Nida and C. Taber
22. After Babel - George Steiner
23. The Violet in the Crucible : Shelley and Translation - Timothy Webb
24. Homeric Translation - Theory and Practice - Mathew Arnold
25. Translation - Brishim Richard
26. The Ends of Translation UDL, 20 Casargraude, J.
27. In Translating Basheer (ലേഖനം) (പ്രതിഭാനം 970.
28. Preface of me grand dad and an elephent - R.E. Asher.

### സെമസ്റ്റർ 2

### പേപ്പർ 8 ഐച്ഛികവിഷയം (ഡി) ദ്രാവിഡഭാഷാ താരതമ്യം

## Paper VIII Optional Subject (D) Comparative Dravidian

ദ്രാവിഡഭാഷാകുടുംബം, അതിലെ അംഗങ്ങളായ ഭാഷകൾ, ദക്ഷിണ-മധ്യ-ഉത്തരദ്രാവിഡഭാഷകളുടെ പ്രത്യേകതകൾ, പ്രബലമായ നാലു ദ്രാവിഡഭാഷകളുടെ പൊതുസ്വഭാവങ്ങൾ, ഓരോ ഭാഷയുടെയും സ്വതന്ത്രവ്യക്തിത്വം തുടങ്ങിയവ പഠിക്കുക എന്നതാണ് ഈ പാഠ്യപദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

യൂണിറ്റ് ഒന്ന് :

ദ്രാവിഡകുടുംബമെന്ന സങ്കല്പത്തിന്റെ വികാസം

കുമാരിലഭട്ടൻ, ലീലാതിലകം (വൃത്തി)കാരൻ, എല്ലിസ് ഇവരുടെ പരാമർശങ്ങൾ, കാൾഡ്വെൽ സ്ഥാപിച്ച ദ്രാവിഡത്തിന്റെ വ്യതിരിക്തത, ഇന്ത്യക്കു പുറത്തുള്ള ഭാഷകളുമായുള്ള ഗോത്രബന്ധം (affinity), കാൾഡ്വെല്ലിനുശേഷം കെ.വി. സുബ്ബയ്യ, എൽ.വി. രാമസ്വാമി അയ്യർ, ബറോ, എമനോ, ഭട്ടാചാര്യ, കൃഷ്ണമൂർത്തി, ശങ്കർഭട്ട് എസ്. വി. ഷൺമുഖം, പി.എസ്. സുബ്രഹ്മണ്യം, കുമാരസ്വാമിരാജ, വി.ഐ. സുബ്രഹ്മണ്യം മുതൽ പേർ.

യൂണിറ്റ് രണ്ട് :

ഭാഷകളും പരസ്പരബന്ധവും

ഏതേതുഭാഷകൾ, എവിടെയെല്ലാം സംസാരിക്കുന്നു, പരസ്പരബന്ധം, ഉപകുടുംബം - ഉപകുടുംബവിഭജനത്തിന്റെ അടിസ്ഥാനതത്വങ്ങൾ, സംപ്രജനമേഖല (convergence area)

ധാതുസ്വരൂപവും സ്വരങ്ങളും

ധാതുവും വിവർത്തനപ്രത്യയങ്ങളും ധാതുഗതസ്വരങ്ങൾ, വിവർത്തനപ്രത്യയത്തിലെ സ്വരങ്ങൾ, ധാതുസ്വരം - ഹ്രസ്വദീർഘഭേദം, ഇ/എ - ഉ/ഒ വികല്പനം.

വ്യത്യസ്ത ഭാഷകളിലെ സ്വരവ്യതിയാനങ്ങൾ

തെലുഗു - കൂവിയിലെ സ്വരസ്ഥാനവിപര്യന്തം, ആദ്യാക്ഷരസ്വരലോപം, ദക്ഷിണദ്രാവിഡത്തിൽ ഉച്ചാരണസാഹ്യമായ - ഉ (enunviative) മലയാളത്തിലെ സ്വരപരിണാമങ്ങൾ. കന്നഡത്തിലും തെലുഗുവിലും മറ്റുമുള്ള സ്വരാനുസംവാദ(vowel harmony)ങ്ങൾ.

യൂണിറ്റ് മൂന്ന് :

വ്യഞ്ജനങ്ങൾ

ദ്രാവിഡവ്യഞ്ജനങ്ങൾ. ഖരമൃദുവിനിമയം. അനുനാസികത്തിനുശേഷമുള്ള സ്പർശങ്ങളുടെ ശ്വാസനാദഭേദം. മലയാളത്തിലെ അനുനാസികാതിപ്രസരം. കകാരത്തിന്റെ ചകാരാദേശം, വർത്സ്യവർഗ്ഗത്തിന് വന്ന മാറ്റങ്ങൾ. ദന്ത്യവർഗത്തിന്റെ താലവ്യാദേശം. പദാദിയിലെ ഞകാരത്തിനും യകാരത്തിനും വന്ന മാറ്റങ്ങൾ. ഴകാരത്തിന്റെ വിവിധ പ്രതിഫലനങ്ങൾ.

യൂണിറ്റ് നാല്:

നാമങ്ങളും ക്രിയകളും

ലിംഗവചനവ്യവസ്ഥ. ഉത്തമ-മധ്യമ-സമാചി സർവനാമങ്ങൾ. അംഗപ്രത്യയം (ഇടനില) വിഭക്തി സംഖ്യാനാമങ്ങൾ.

ക്രിയാസ്വരൂപം. സകർമ്മക പ്രയോജകങ്ങൾ. ഭൂതകാലം. ഭൂതേതരകാലം. സർവ്വനാമപ്രത്യയങ്ങൾ. സാർവനാമികഭേദനിരാസം. വിനയെച്ചം- **പേരെച്ചം** നിയോജകരൂപങ്ങൾ - നിഷേധം.

അനുപ്രയോഗം. അർത്ഥവിശേഷങ്ങൾ. അനുപ്രയോഗധാതുക്കളിൽ വരുന്ന അർത്ഥവ്യതിയാനം.

യൂണിറ്റ് അഞ്ച് :

ദ്രാവിഡപദാവലി

പദാവലിയുടെ സവിശേഷതകൾ. ദ്രാവിഡത്തിലെ ഇന്തോ-ആര്യൻ പദങ്ങൾ - ഇന്തോ-ആര്യനിലെ ദ്രാവിഡപദങ്ങൾ. ദ്രാവിഡവും മറ്റും കുടുംബങ്ങളും.

സഹായകഗ്രന്ഥങ്ങൾ


1. ദ്രാവിഡഭാഷാ ശാസ്ത്രപഠനങ്ങൾ (കെ.എം. പ്രഭാകരവാരിയർ)
2. ദ്രാവിഡഭാഷാ വ്യാകരണം (വിവ.) എസ്.കെ. നായർ
3. A Comparative Grammar of the Dravidian or South Indian Family of Languages R. Caldwell
4. Dravidian Linguistics (Seminar Papers) S. Agesthialingan & N.K.Kumaraswami Raja
5. Dravidian Languages M.S. Andronov
6. Dravidian S.K. Chatterji
7. Dravidian Linguistics - An Introduction - Kamil Zvelebil
8. Collected papers on Dravidian Linguistics - T. Burrow
9. Collected Papers - M.B. Emeneau
10. Dravidian Studies - M.B. Emeneau
11. A Dravidian Etymological Dictionary - T. Burrow & M.B. Emeneau
12. Telugu Verbal Bases - Bh. Krishna Murthi
13. Dravidian Comparative Phonology - A Sketch M.B.Eneneau
14. Comparative Dravidian Phonology - Kamil Zvelebil
15. Dravidian Comparative Phonology - P.S. Subramanyam
16. Post nasal voiceless plosives in Dravidian - N. Kumaraswami Raja
17. A Sketch of Comparative Dravidian Morphology - Makil Zvelebil
18. Dravidian Nouns - S.V. Shanmugam
19. Dravidian Verb Morphology P.S. Subramoniyam
20. Auxiliaries in Dravidian (ed.) S. Agesthilingom & G.S. Varma
21. Dravidian Syntax - (Ed.) S. Agesthialingom & N. Rajasekharan Nair
22. Relevant articles of International Journal of Dravidian Linguistics.

## സെമസ്റ്റർ 3

## പേപ്പർ 9 ആധുനികസാഹിത്യം - 2

## (Paper IX Modern Literature - 2)

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം ആരംഭിച്ചതോടെ മലയാളസാഹിത്യത്തിൽ ആശയത്തിന്റെയും ആവിഷ്കാരത്തിന്റെയും ഭാവുകത്വത്തിന്റെയും തലങ്ങൾ പരിവർത്തനവിധേയമായി. കാല്പനികത പിന്നെയും തങ്ങിനിന്നെങ്കിലും അതിനു വിരുദ്ധമായ പ്രവണതകളും വളർന്നു വന്നു. ആശയപരവും ശില്പരചനാപരവുമായ നവീനതകൾ സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടു. പുതിയ പരീക്ഷണങ്ങളും അപരിചിതമായ രൂപശില്പങ്ങളും വിഭ്രാമകമായ പ്രമേയഘടനകളും പാരമ്പര്യഭഞ്ജകമായ ഭാഷാശൈലികളും അവതരിച്ചു. നാടോടിക്കലകളും ചിത്രകല, സിനിമ തുടങ്ങിയലയുടെ സങ്കേതങ്ങളും രാഷ്ട്രീയസാമൂഹികപ്രത്യയശാസ്ത്രങ്ങളും സാഹിത്യത്തിൽ സ്വാധീനം ചെലുത്തി. രചനാരീതികളിലും സംവേദനത്തിലും ഭാവുകത്വത്തിലും സംഭവിച്ച പരിവർത്തനങ്ങൾ തിരിച്ചറിയാനും വിമർശനബുദ്ധിയോടെ പഠിക്കാനുമുതകുംവണ്ണം സിലബസ് ക്രമീകരിച്ചിരിക്കുന്നു. മലയാളസാഹിതത്തിൽ പ്രത്യക്ഷപ്പെട്ട ഇത്തരം പ്രവണതകളെ സംബന്ധിച്ചുള്ള രചനകൾ വായിച്ച് വിദ്യാർത്ഥികൾ ചർച്ചകളും സംവാദങ്ങളും നടത്തിയിരിക്കണം.

1,2,9 പേപ്പറുകൾ പരസ്പരപൂരകങ്ങളാണ്. മലയാളഭാഷയുടേയും സാഹിത്യത്തിന്റെയും ഉദ്ഭവം മുതൽ ഇന്നുവരെയുള്ള വികാസപരിണാമങ്ങൾ നിരീക്ഷിക്കുകയും വിമർശനബുദ്ധ്യാ പഠിക്കുകയും ചെയ്യുക എന്നതാണ് ഈ പേപ്പറുകൾ കൊണ്ടുദ്ദേശിക്കുന്നത്.

**വിശദപഠനത്തിനുള്ള കൃതികൾ:**

**യൂനിറ്റ് ഒന്ന്: കവിത**

| | | | |
|---|---|---|---|
| 1. | വെള്ളിൽപറവകൾ | – | ജി. ശങ്കരക്കുറുപ്പ് |
| 2. | കാവിലെ പാട്ട് | – | ഇടശ്ശേരി |
| 3. | തീവണ്ടിയിലെ പാട്ട് | – | എൻ. വി. കൃഷ്ണവാരിയർ |
| 4. | സ്ത്രീ | – | സുഗതകുമാരി |
| 5. | ബലിമുഹൂർത്തം | – | സച്ചിദാനന്ദൻ |
| 6. | മേഘരൂപൻ | – | ആറ്റൂർ രവിവർമ്മ |

**യൂനിറ്റ് രണ്ട്: നോവൽ**

| | | | |
|---|---|---|---|
| 1. | ഖസാക്കിന്റെ ഇതിഹാസം | – | ഒ. വി. വിജയൻ |
| 2. | ആലാഹയുടെ പെൺമക്കൾ | – | സാറാ ജോസഫ് |

**യൂനിറ്റ് മൂന്ന്: നാടകം, തിരക്കഥ**

| | | | |
|---|---|---|---|
| 1. | ദൈവത്താർ | – | കാവാലം നാരായണപ്പണിക്കർ |
| 2. | കുടുക്ക | – | പി.എം. താജ് |
| 3. | പെരുവഴിയമ്പലം | – | പത്മരാജൻ |

**യൂനിറ്റ് നാല്: ചെറുകഥ**

| | | | |
|---|---|---|---|
| 1. | വാനപ്രസ്ഥം | – | എം.ടി. വാസുദേവൻ നായർ |
| 2. | മഖൻസിങ്ങിന്റെ മരണം | – | ടി. പത്മനാഭൻ |
| 3. | മോരിന്റെ പര്യായം | – | വി.കെ.എൻ |

**യൂനിറ്റ് അഞ്ച്: നിരൂപണം**

| | | | |
|---|---|---|---|
| 1. | പ്രഭാഷണത്തിന്റെ ചിറകുകളിൽ | – | സുകുമാർ അഴീക്കോട് |
| | (വായനയുടെ സ്വർഗ്ഗത്തിൽ | – | സുകുമാർ അഴീക്കോട് |
| 2. | ആശാന്റെ സീത | – | തായാട്ടു ശങ്കരൻ |
| | (സീതയും നിരൂപകന്മാരും | – | തായാട്ടു ശങ്കരൻ |
| 3. | ഇതി വാഴ്വിന്റെ രാത്രിഭാഗം | – | വി. രാജകൃഷ്ണൻ |

(മറുതിര കാത്തുനിന്നപ്പോൾ - വി. രാജകൃഷ്ണൻ)
4. നിരാനന്ദത്തിന്റെചിരി - കെ. പി. അപ്പൻ
(കെ.പി. അപ്പന്റെ തെരഞ്ഞെടുത്ത കൃതികൾ - വാല്യം രണ്ട്)

**സഹായകഗ്രന്ഥങ്ങൾ**


1. മലയാളകവിതാസാഹിത്യചരിത്രം - എം. ലീലാവതി
2. കവിതയും പാരമ്പര്യവും - എൻ. എൻ. കക്കാട്
3. കവിതയിലെ പ്രതിസന്ധി - ഒ. എൻ.വി. കുറുപ്പ്
4. പുതിയ കൃതി, പഴയ പൊരുൾ (എഡി) - ദേശമംഗലം രാമകൃഷ്ണൻ
5. കുരുക്ഷേത്രപഠനങ്ങൾ (എഡി) - എം.എം. ബഷീർ
